say "Well, look here, Ernakulam cannot have Rs. 600. We will reduce that, because other places are clamouring for libraries". I only wish that you should not deprive us of this Rs. 600, but continue giving this grant. With these words I beg the leave of the House to withdraw my resolution.

Resolution was, by leave, withdrawn.

20. Supply of a Phone to the Ernakulam Income-tax Office.

Mr. Popatlal Goverdhan Lalan.— *"This Council recommends to the Government to provide the Income-tax Officer, Ernakulam, with a 'Phone."*

ഈ പ്രമേയത്തെപ്പറ്റി അധികം വിസ്തരിച്ച് മറ്റുള്ളവരുടെ സമയം വെറുതെ കളയണമെന്നു വിചാരിക്കുന്നില്ല. ടെലിഫോണിന്റെ ആവശ്യം എല്ലാവർക്കും അനുഭവത്തിൽ അറിയാവുന്നതാണ്. എറണാകുളത്തുള്ള ഇൻകം ടാക്സ് ആഫീസ്സിൽ ഒരു ടെലിഫോൺ സ്ഥാപിക്കുന്നതായാൽ മട്ടാഞ്ചേരിയിലുള്ള കച്ചവടക്കാർക്കു നാനാതരത്തിലും വളരെ ഉപകാരമുണ്ടാകുന്നതാണ്. വിശേഷിച്ചും മട്ടാഞ്ചേരിയിൽ നിന്നാണ്, ഇൻകം ടാക്സ് ആപ്പീസ്സിൽ ധാരാളമായി പണം പിരിയുന്നതു്. അതുകൊണ്ടു ബഹുമാനപ്പെട്ട ഗവൺമെന്റു ഈ പ്രമേയം സ്വീകരിക്കണമെന്നു അപേക്ഷ. ഇനി ഗവൺമെന്റിന്റെ അഭിപ്രായം അറിഞ്ഞതിനു ശേഷമെ ഞാൻ കൂടുതലായി ഈ വിഷയത്തെപ്പറ്റി പറയുവാൻ വിചാരിക്കുന്നുള്ളൂ.

Mr. A. Narayana Menon.—I second it.

Mr. A. V. Moothedan.—On a point of information what would be the cost?

Mr. V. K. Aravindaksha Menon.—It would be about Rs. 180.

Mr. K. Achyuta Menon.—I am very glad to say that the Government have accepted it.

മിസ്റ്റർ പോപ്പറുലാൽ ഗോവർദ്ധനലാലൻ.— സർ, ബഹുമാനപ്പെട്ട ഗവൺമെന്റു് എന്റെ ഈ പ്രമേയത്തെ വളരെ സന്തോഷത്തോടുകൂടി സ്വീകരിച്ചതിൽ ഞാൻ ഗവൺമെന്റിനെ അഭിനന്ദിക്കുന്നു.

21. Extension of the period of the Moratorium.

Mr. K. M. Kunhi Moideen.—*"This Council recommends to the Government to extend the period of Moratorium till a*

LIBRARY ARCHIVES Kerala Legislative Assembly

definite scheme of debt-redemption of the Agriculturists is carried out by the Government".

മിസ്റ്റർ പ്രസിഡണ്ട് സർ, കഴിഞ്ഞ കക്കടകം ഫ്രം-ാം നം- മ ഹാരാജാവു തിരുമനസ്സുകൊണ്ട് പ്രസിദ്ധീകരിച്ച കഷ്കസംരക്ഷണാ വിളംബരത്തിന്റെ കാലാവധി നീട്ടിക്കിട്ടണമെന്നുള്ളതാണ് ഈ പ്രമേയത്തിന്റെ സാരം. അപ്രകാരം ഒരു വിളംബരം പ്രസിദ്ധീകരിക്കുവാൻ ഗവമ്മെൻറിനെ നിർബന്ധിച്ച കാരണങ്ങൾ ഏതോ അതേ കാരണങ്ങൾ ഇപ്പോഴും നിലവിലുള്ളതുകൊണ്ട് ഈ പ്രമേയത്തെ പരാമർശിച്ചു ഒരു പ്രസംഗംതന്നെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. കടക്കാരായ കൃഷിക്കാർ വളരെ വിഷമിയ്ക്കുന്നുണ്ടെന്നു വസ്തുത ഗ്രഹിച്ചും, അവക്കു പരിപൂർണ്ണമായ ശ്രണനിവാരണം ചെയ്യുവാൻ പര്യാപ്തമായ ഒരു പദ്ധതി നടപ്പിൽ വരുത്തുന്നതുവരെ കർശന നടപടികളിൽനിന്നു മോചനം നൽകണമെന്നുള്ള ധർമ്മബോധത്തോടുകൂടിയും ഗവമ്മെൻറു ഇപ്രകാരം പ്രവൃത്തിച്ചിട്ടുള്ളതാണെന്നു ഞാൻ വിശ്വസിക്കുന്നു. ആയിരം ഉറുപ്പികയ്ക്കു ആസ്തിയുള്ള ഒരു വസ്തു ഉടമസ്ഥൻ ആയിരം രൂപായ്ക്കു തന്നെയോ അല്ലെങ്കിൽ അതിനടുത്ത ഒരു സംഖ്യയ്ക്കോ മുതലപ്പെട്ടിട്ടുണ്ടെങ്കിൽ, അയാളെ രക്ഷിക്കുന്നതിനു ഗവമ്മെൻറു മൃതസഞ്ജീവിനിയായി കരുതുന്ന ലാണ്ട് മാർട്ടഗേജു ബാങ്കുകൊണ്ടു സാദ്ധ്യമാണോ? ഭൂരിപക്ഷം കടക്കാരും ഇത്തരക്കാരായിരിക്കെ അവരെ കരകയറുന്നതിനു നമ്മുടെ അയൽരാജ്യങ്ങളിൽ സ്വീകരിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങൾ കൊച്ചി ഗവമ്മെൻറും സ്വീകരിക്കേണ്ടിയിരിക്കുന്നു. അതുവരേ വിളംബരംമൂലം സിദ്ധിച്ചിട്ടുള്ള തല്ക്കാല സംരക്ഷണകർം തുടർന്നുകൊണ്ടു പോകണമെന്നു പറയുന്നതു് അന്യായമാണോ എന്നാണ് ഞാൻ ചോദിക്കുന്നതു്? അങ്ങിനെ ചെയ്യുവാൻ ഗവമ്മെൻറു ഭാവമില്ലെങ്കിൽ, വിളംബര പ്രസിദ്ധീകരണത്തിനുമുമ്പു് കഷ്കന്മാർ അനുഭവിച്ചിരുന്ന വിഷമങ്ങൾ പതിന്മടങ്ങു വർദ്ധിക്കുമെന്നുള്ള പരമാർത്ഥം ഗവമ്മെൻറു പ്രത്യേകം ഓർക്കണം. ആറുമാസക്കാലം നിശ്ചലമായി കിടന്നിരുന്ന കർശന നടപടികളുടെ ഉഗ്രതയും പൂർവ്വാധികം വർദ്ധിച്ചുകൊണ്ടിരിക്കും.

ഈ സംഗതിയെപ്പറ്റി ഇവിടെ ചോദിച്ചിട്ടുള്ള ചോദ്യങ്ങൾക്കു ഗവമ്മെൻറു നൽകിയിട്ടുള്ള മറുപടി കാണുമ്പോൾ കൊച്ചിയിലെ കഷ്കന്മാരുടെ ശ്രണബാദ്ധ്യതയുടെ ഭയങ്കരമായ നില വ്യക്തമാകുന്നതാണ്. ലാൻറു മാർട്ടഗേജു ബാങ്കുകൊണ്ടു് ഇങ്ങിനെയുള്ള ഒരു എമർജൻസിക്കു നിവാരണം ഉണ്ടാക്കുവാൻ സാധിക്കയില്ലെന്നാണ് ഞാൻ പറയുന്നതു്. ഇന്നത്തെ അസാധാരണ സ്ഥിതിഗതികൾക്കു് ഇതൊരു പരിഹാരമാർഗ്ഗമാകുന്നതല്ല. അധികം വസ്തുക്കളും അല്പമായ കടവും ഉള്ള അധമർണ്ണന്മാർക്കു ഇതുകൊണ്ടു് പ്രയോജനം ഉണ്ടാകും. താങ്ങുവാ

LIBRARY ARCHIVES Kerala Legislative Assembly

ൻ വയ്യാത്ത കടഭാരംകൊണ്ടു ഞെരുങ്ങുന്ന ഇവിടത്തെ ജനങ്ങളുടെ സ്ഥിതിഗതികൾക്കു ലാൻഡുമോർട്ട്ഗേജു ബാങ്കുമൂലം ഒരുപശാന്തിയാണെന്നു വിചാരിക്കുന്നതു് വെറും മൌഢ്യമാണെന്നു പറയാതെ ഗത്യന്തരമില്ല. കൊച്ചീ ഗവൺമെൻറു് ഇവിടത്തെ കർഷകന്മാരെ രക്ഷിക്കുവാൻ വിചാരിക്കുന്നുണ്ടെങ്കിൽ, കടംകൊണ്ടു വിഷമിക്കുന്ന സാധു കർഷകന്മാരെ അവരുടെ കടബാദ്ധ്യതയിൽനിന്നു മോചിപ്പിക്കേണ്ടതു് ഗവൺമെൻറിൻെറ ചുമതലയാണെന്നു അവർ വിശ്വസിക്കുന്നുണ്ടെങ്കിൽ അതിനായി ശരിയായ ഒരു പദ്ധതി ഉടനെ നടപ്പിൽ വരുത്തണം. ആ പദ്ധതിക്കു ഉദ്ദേശ്യസാഫല്യം ഉണ്ടാകണമെങ്കിൽ കർഷകന്മാരുടെ മേൽ നിർബന്ധ നടപടികൾ നടത്തി, അവരെ അലട്ടിക്കൊണ്ടിരിക്കുന്നതിൽനിന്നും ഒരു നിവാരണം ചെയ്യാതെയും തരമില്ല. ഈ നിയമസഭയിൽ ഈ ഒരു സംഗതിയ്ക്കുവേണ്ടി പല സന്ദർഭങ്ങളിലും വാദപ്രതിവാദങ്ങളും ചോദ്യോത്തരങ്ങളും ഉണ്ടായിട്ടുള്ളതിൽനിന്നുതന്നെ പൊതുജനാഭിപ്രായം ഇതിനനുകൂലമാണെന്നു പ്രത്യക്ഷമായിരിക്കുന്നു. മറെറാന്നുകൊണ്ടല്ലെങ്കിലും പൊതുജനാഭിപ്രായം ആദരിച്ചെങ്കിലും കർഷകന്മാരെ രക്ഷിക്കേണ്ടതു് ഗവൺമെൻറിൻെറ ചുമതലയല്ലേ എന്നാണ് ഞാൻ ചോദിക്കുന്നതു്.

ഈ പ്രമേയത്തെക്കുറിച്ചു ഞാൻ കൂടുതലായി ഒന്നും പ്രസ്ഥാവിക്കണമെന്നുദ്ദേശിക്കുന്നില്ല. കൊച്ചീരാജ്യത്തെ അസാധാരണ പരിതഃസ്ഥിതികൾ അനുസരിച്ചാണ് ഇങ്ങിനെ ഒരു വിളംബരം നടപ്പാക്കിയതെങ്കിൽ ആ വിഷമഘട്ടം നീണ്ടുപോകുന്നകാലത്തോളം വിളംബരവും നീട്ടിക്കൊണ്ടുപോകേണ്ടതാണെന്നു വാസ്തവം ഒരു കൊച്ചുകൂട്ടിക്കുപോലും നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണു്. അതുകൊണ്ടു ഈ പ്രമേയം സ്വീകരിക്കണമെന്നു ഗവർമ്മെൻറിനോടു അപേക്ഷിച്ചുകൊണ്ടു എൻെറ പ്രസംഗം ഉപസംഹരിക്കുന്നു.

Mr. V. K. Kutty.— I Second it.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— ഈ പ്രമേയത്തെ സംബന്ധിച്ചു വളരെ അധികം എതിരുണ്ടാകുമെന്നു് എനിക്കു വിശ്വാസമില്ല. ഇതിനെ സംബന്ധിച്ചു ആലോചിയ്ക്കുവാൻവേണ്ടി ഒരു കമ്മറിയെ ഗവൺമെൻറിൽനിന്നും നിയമിച്ചിട്ടുണ്ടായിരുന്നു. ആ കമ്മറിയെ ഇപ്പോൾ പിരിച്ചുകളഞ്ഞിട്ടുണ്ടു്. അതു അതിലെ അംഗങ്ങളുടെ കുറവുകൊണ്ടല്ല. ആ കമ്മറിയെ പിരിച്ചുവിടാതിരുന്നുവെങ്കിൽ ഇപ്പോൾ നടക്കുന്നമാതിരിയുള്ള ഭവിഷ്യത്തുകളൊന്നും ഉണ്ടാകയില്ലായിരുന്നു. ഈ വിളംബരം പ്രസിദ്ധപ്പെടുത്തിയതിനു ശേഷം ആ ഒരു കാരണത്താൽ ഇപ്പോൾ ഞങ്ങളുടെ മേൽ ആക്ഷ്യനൊന്നും കാണുന്നില്ല. 90 ൦/൦ ജനങ്ങൾ കടംകൊണ്ടു വിഷമിക്കുന്നു. അതുതോളം വർദ്ധിച്ചുവരുന്ന കടക്കാരായ കർഷകന്മാരെ അവരുടെ കടത്തിൽനിന്നും രക്ഷിക്ക

LIBRARY ARCHIVES Kerala Legislative Assembly

ണമെന്ന പ്രതിനിധികളായ ഞങ്ങൾ ഇവിടെ വന്ന പറയുമ്പോൾ അതിന്ന പര്യാപ്തമായ ഒരു രക്ഷകിട്ടുമെന്ന വിശ്വസിക്കുവാനൊ, സമാധാനപ്പെടുവാനൊ നിവൃത്തിയില്ലാത്ത തരത്തിലുള്ള മറുപടികളാണ ഗവമ്മെൻറു പറയുന്നത്. ലാൻറുമാർട്ടുഗേജു ബാങ്കു പ്രവൃത്തിച്ചുതുടങ്ങുന്നതുവരെ കർഷകന്മാർക്കു ഒരു രക്ഷ നൽകുവാൻവേണ്ടിയാണ് മഹാരാജാവു തിരുമനസ്സുകൊണ്ടു ഇങ്ങിനെ ഒരു വിളംബരം നമുക്കു തന്നിട്ടുള്ളത്. ആ വിളംബരത്തിൻെറ കാലാവധി മകരം 13-ാംന-യോടുകൂടി തീരുന്ന. 14-ാംന-മുതൽ മുൻസിഫ് കോടതികളിൽ ശിപായിമാരായിനാലും അഞ്ചും പേരെ വീതം കൂടുതൽ വയ്ക്കേണ്ടതായിട്ടാണ വന്നിരിക്കുന്നത്. നടപടികൾ നടത്തുവാൻ അത്രയധികമുണ്ടാകും. വാറണ്ടു കല്പനകൾ ശിപായിമാക്കു എടുക്കുവാൻ നിവൃത്തിയില്ലാത്തവിധത്തിൽ ക്ലർക്കാരെക്കൊണ്ടുകൂടി എടുപ്പിച്ചു നടത്തേണ്ട ഒരു നിലവന്നിട്ടുണ്ട്. മുതലെങ്കിലും തിരിച്ചുകൊടുപ്പിക്കണമെന്ന വിചാരിച്ചു ഒരു ലാൻറുമാർട്ടുഗേജു ബാങ്കു ഇവിടെ ഉൽഘാടനം ചെയ്യുവച്ചിട്ടുണ്ട്.

ആ ബാങ്കിൽനിന്നും പണംകൊടുക്കുന്ന കാര്യത്തിൽ വകുപ്പുകളും നിബന്ധനകളും വളരെ കൂടുതലായി വന്നുകൂടീട്ടുണ്ട്. അത് ഒരു അജഗളസ്തനമാണെന്നതന്നെ പറയാം. ഇപ്പോൾ സ്പെഷലായി ഒരു ലോൺ ഡിപ്പാർട്ടുമെൻറു ഉണ്ടായിതീർന്നുവെന്നേയുള്ളൂ. അതിൽ കർഷകന്മാക്കു കടം കൊടുക്കുവാൻ വിരോധമില്ലെന്ന റിപ്പോർട്ടുചെയ്യുകഴിഞ്ഞിട്ടുണ്ടെങ്കിലും ഞാൻ നോക്കിയതിൽ ആ ബാങ്കിലെ ഇപ്പോഴത്തെ വ്യവസ്ഥകളനുസരിച്ചു ഓഹരിചേർന്ന സംഖ്യക്കാവശ്യപ്പെടുന്നവർ മുട്ടനാടിൻെറ പിന്നാലെ നടന്ന കുരുക്കൻെറ മാതിരിയാവാനെ തരമുള്ളൂ എന്നാണ് എനിക്കു തോന്നിയത്. മൂന്ന ഉറുപ്പിക മുതൽ 25 ഉറുപ്പികവരെ ഒരു കമ്മീഷൻ അപേക്ഷകർ മുക്തർ കെട്ടികൊടുക്കണമെന്ന് ഒരു നിയമം ഉണ്ട്. വസ്തുവിൻെറ തോതനുസരിച്ചാണ് ഉറുപ്പിക കടം കൊടുക്കുന്നത്. ഇപ്പോഴത്തെ വ്യവസ്ഥകൾ പ്രകാരം 10000 കയുടെ വസ്തുക്കൾ ഉണ്ടെങ്കിൽ മാത്രമേ 1000 ക കടംകിട്ടുവാൻ മാർഗ്ഗമുള്ളൂ. കമ്മിഷൻ കൊടുക്കേണ്ടിവരുന്ന കാരണം ഓഹരിപണവും കമ്മിഷൻ പണവും മുൻകൂർ അടച്ചു കടം കിട്ടുമോ എന്ന പരീക്ഷിച്ചുനോക്കാൻതന്നെ സാധുക്കളായ കടക്കാർ വളരെ കുഴങ്ങേണ്ടിവരും. ബാങ്കിൽനിന്നും പണം വാങ്ങുന്നതിന് ഇപ്പോഴത്തെ ബാങ്കു വ്യവസ്ഥകൾ ഒരിക്കലും സ്വീകാര്യമോ പ്രായോഗികമോ അല്ല. വളരെ ദുർല്ലഭം ധനവാന്മാക്കുമാത്രം കുറച്ചുപകരിച്ചേക്കാം. അതുകൊണ്ടാണ് അതിനെ ഞാൻ അജഗളസ്തനം എന്ന സംബോധനം ചെയ്തത്. ലാൻറു മാർട്ടുഗേജുബാങ്കിൽനിന്നും പണം കിട്ടുന്നതിലുള്ള വിഷമത്തെപ്പറ്റി ബഹുമാനപ്പെട്ട പഴയന്നൂർ മെമ്പർ ചുരുക്കത്തിൽ ഇവിടെ പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞ സംഗതികളെ ഒന്നുകൂടി വി

LIBRARY ARCHIVES Kerala Legislative Assembly

വരിയ്ക്കണമെന്നു ഞാനുദ്ദേശിയ്ക്കുന്നില്ല. നാട്ടുകാരിൽനിന്നും മുമ്പു പലിശകിട്ടിവന്നിരുന്ന ക്രൂട്ടുക്കു് നാട്ടുകാരുടെ സഹകാര്യബാങ്കുകളിൽനിന്നോ ധനവാന്മാരായ മറുള്ളവരിൽനിന്നോ ഉറുപ്പിക കടം കിട്ടുവാൻ പ്രയാസമില്ല. ദേവസ്വംഭൂമിയായാലും, വെറുമ്പാട്ടഭൂമിയായാലും അവയുടെ തോതനുസരിച്ചു ഒരുവിധം വില കണക്കാക്കി ഉറുപ്പിക അവർ കൊടുത്തുവരുന്നുണ്ടു്. ഇതിൽനിന്നു് ഠ കൊല്ലത്തെ കാലാവധി വച്ചു് ചുരുങ്ങിയ പലിശയ്ക്കു അതായതു് ന്യക. പലിശയ്ക്കു സംഖ്യ എടുത്താലും കടബാദ്ധ്യതയ്ക്കു് ഒരു കുറവും വരുമെന്നു് എനിയ്ക്കു തോന്നുന്നില്ല. ഏതുവിധത്തിൽ നോക്കിയാലും ഇനി ഒരു ആറുമാസത്തിനുള്ളിൽ ലാൻറുമോർട്ടഗേജുബാങ്കിൽനിന്നും പണം കിട്ടുമെന്നു വിചാരിയ്ക്കുവാനും നിവൃത്തിയുണ്ടെന്നു് എനിയ്ക്കു തോന്നുന്നില്ല.

ലാൻറുമോർട്ടഗേജുബാങ്കുകൊണ്ടു് ഏകദേശം അഞ്ചോ പത്തോ ശതമാനം ആളുകളെ രക്ഷിയ്ക്കുവാനേ സാദ്ധ്യമാകയുള്ളുവെന്നാണു് എൻറെ വിശ്വാസം. അജൻറയിൽ ൃ-ാമതായി ഞാൻ ഒരു പ്രമേയം അയച്ചിട്ടുണ്ടു്. എന്നാൽ ഈ പ്രമേയം ഗവൺമെൻറു സ്വീകരിച്ചു പാസാക്കുകയാണെങ്കിൽ, ഇതുകൊണ്ടു് ഒരു വലിയ ശതമാനം ആളുകളെ രക്ഷിയ്ക്കുവാൻ സാധിയ്ക്കുമെങ്കിൽ, പത്തു ശതമാനം ആളുകളുടെ രക്ഷയെ മാത്രം കരുതാതെ ഇവിടെയുള്ള പൊതുജനാഭിപ്രായത്തെ ഗവൺമെൻറു സ്വീകരിയ്ക്കുന്നുവെങ്കിൽ ഞാൻ അതിനു ചിലവു ചെയ്യേണ്ടുന്ന സമയത്തെ ചുരുക്കാമെന്നു വിചാരിയ്ക്കുന്നു. വിളംബരത്തിൻറെ കാലാവധി നിശ്ചയിച്ചുവച്ചതുകൊണ്ടു് ലാൻറുമോർട്ടഗേജുബാങ്കു് ഇപ്പോൾ തുടങ്ങുവാൻ ഭാഗ്യം വന്നു. എന്നാൽ അതിൻറെ പ്രവൃത്തികൾ ശരിയായി തുടങ്ങി അതുകൊണ്ടു ജനങ്ങൾക്കു സഹായം കിട്ടുന്നതുവരെ ഇനിയും ഒരു ആറുമാസത്തേയ്ക്കുകൂടി ഈ വിളംബരം നീട്ടിക്കൊടുക്കുന്നതുകൊണ്ടു യാതൊരു ക്രൂടുതൽ വിഷമങ്ങളും ഗവൺമെൻറിനു വരുവാനില്ല. വിളംബരത്തിൻറെ കാലാവധി കഴിയുന്നതിനു മുമ്പായി ബാങ്കിൽനിന്നും ആകെ പണം കൊടുത്തുതുടങ്ങുന്നതുമല്ലെന്നതന്നെയല്ല വിളംബരം മൂലം കൂപിതരായിതീർന്ന ഉത്തമർണ്ണന്മാർ അധമർണ്ണന്മാരുടെമേൽ നടപടികൾ ദ്രുതഗതിയിലും ഗൌരവത്തിലും നടത്തിത്തുടങ്ങാൻ ആ കാലാവധി കഴിയാൻ കാത്തിരിക്കയാണു്. ന്യ മാസത്തേക്കുകൂടി നീട്ടുന്നതുകൊണ്ടു് ഉത്തമർണന്മാക്കു യാതൊരു നഷ്ടവുമില്ലെങ്കിലും അതിനുള്ള സന്നദ്ധതയോ അനുകമ്പയോ മഹാമനസ്കതയോ ഉള്ളവർ വളരെ ഉർല്ലഭമായിരിക്കും. ബാങ്കിൽനിന്നോ മറേറാ പണം കടംവാങ്ങി അവരുടെ ഇടപാടു തീർക്കുന്നതിനു മുമ്പായി അവരെ പൂഷണം ചെയ്യാനാണു് അവർ കാത്തിരിക്കുന്നതു്. അതുകൊണ്ടു് ബാങ്കിനെ സംബന്ധിച്ചുള്ള പ്രവർത്തന പദ്ധതികൾ പൂർണ്ണമായി നടപ്പിൽ വരുന്നതുവരെ ഒരു ആശ്വാസം ജനങ്ങളിൽ വരുത്തണമെന്നാണു ഗവ

LIBRARY ARCHIVES Kerala Legislative Assembly

മ്മെൻറിനോടപേക്ഷിയ്ക്കുന്നത്. പക്ഷെ, ഗവമ്മെൻറ് ഇതിനെ എതിർക്കുകയില്ലെന്ന വിശ്വാസം എനിയ്ക്കില്ല. മറുള്ള ആളുകൾ കർഷകന്മാരുടെ ഭവിഷ്യത്തുകളെക്കുറിച്ചു നല്ലപോലെ ചിന്തിച്ചു, പൊതുജനക്ഷേമത്തിനാവശ്യമായ ഈ പ്രമേയത്തെ ലാക്കാക്കിക്കൊണ്ട് ന്യമാസക്കാലത്തേക്കുകൂടി വിളംബരം നീട്ടണമെന്ന ഈ പ്രമേയം സർവ്വസമ്മതമായി പാസാക്കണമെന്നപേക്ഷിച്ചുകൊണ്ട് ഞാൻ വിരമിയ്ക്കുന്നു.

At this stage the Diwan President took the Chair.

മിസ്റ്റർ പൊപ്പറവലാൽ ഗോവിന്ദനലാലൻ.— ഈ പ്രമേയത്തെ പലപ്രാവശ്യവും ഇവിടെ കൊണ്ടുവന്നിട്ടുണ്ടെങ്കിലും അപ്പോഴെല്ലാം ഞാൻ ഈ വിഷയത്തെ സാധാരണ എതിർക്കുന്ന ഒരാളാണെന്ന് എല്ലാ മെമ്പർമാർക്കും ഒരഭിപ്രായമുണ്ട്. ഞാൻ ആ എതിരു പുറപ്പെടുവിയ്ക്കുന്നത് എന്താവശ്യത്തിനാണെന്നും, അതിൽ എന്തെങ്കിലും വാസ്തവമുണ്ടോ എന്നും ഗവമ്മെൻറ് ആലോചിയ്ക്കണമെന്നാണ് എനിയ്ക്ക് അഭ്യർത്ഥിച്ചു പറയുവാനുള്ളത്.

ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചത് പൊതുജനങ്ങളെ സഹായിയ്ക്കുവാൻ വേണ്ടിയാണെന്ന് മിസ്റ്റർ പണിക്കർ ഇവിടെ പറയുകയുണ്ടായി. പൊതുജനങ്ങളെ മൂന്നു ഭാഗമായി തരംതിരിയ്ക്കാം. ക. ധനികന്മാർ, ഖ. ഇടത്തരക്കാർ, ഗ. ദരിദ്രന്മാർ, ഇങ്ങിനെ മൂന്നു കൂട്ടരും ചേർന്നതാണു പൊതുജനങ്ങൾ. ദരിദ്രന്മാരെ സഹായിയ്ക്കുണ്ടത് വളരെ ആവശ്യമാണെന്നു ഞാനും പറഞ്ഞുകൊള്ളുന്നു. എന്നാൽ ഇടത്തരക്കാരുടെ കാര്യങ്ങൾ പറയുവാൻ ഇവിടെ ആരും ഈ അവസരത്തിൽ ഇല്ലാതായതിൽ ഞാൻ ദുഃഖിക്കുന്നു. കടം വാങ്ങിച്ചാൽ കൊടുക്കണമെന്നു പറയുന്നതു പക്ഷെ ചിലരുടെ മനഃസ്ഥിതിപ്രകാരം തെറ്റായിരിയ്ക്കാം. ബഹുമാനപ്പെട്ട ഗവമ്മെൻറ് ഇനിയും ഒരു ആറുമാസത്തേയ്ക്കുകൂടി ഈ വിളംബരം നീട്ടികൊടുക്കുകയാണെങ്കിൽ പണമില്ലാതെ വലയുന്ന കർഷകന്മാക്ക് അവരുടെ തൊഴിലുകളെ അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടുവരത്തക്കവണ്ണം എന്തെങ്കിലും സംഖ്യ പുറമെനിന്നും കിട്ടുവാൻ വിഷമമായിരിയ്ക്കും. സംഖ്യ കൊടുത്താൽ തിരിച്ചുചോദിയ്ക്കുവാൻ പാടില്ലെങ്കിൽ കടം കൊടുക്കുവാനുള്ള മനസ്ഥിതി ആർക്കും ഉണ്ടാകയില്ല. "തല്ക്കാലം ഇന്നമുതൽ വാങ്ങിച്ച പണം കൊടുക്കുകയും വേണ്ട, അതോടൊടം കടം ചോദിയ്ക്കുകയും വേണ്ട" എന്ന് നിയമമാക്കിയാൽ ഇനിയും ഇങ്ങിനെ ഒരു വിളംബരത്തിനു ആവശ്യമുണ്ടാകയില്ല. ഇനിയും ഒരു വിളംബരം പ്രഖ്യാപനം ചെയ്യുന്നതിൽഭേദം മുൻപ്രസ്താവിച്ച തരത്തിലുള്ള നിയമം നടപ്പിൽ വരുത്തുകയാണു്. ഈ വിളംബരം ഇനിയും നീട്ടുകയാണെങ്കിൽ കർഷകന്മാക്കുണ്ടാകുന്ന ബുദ്ധിമുട്ട് വീണ്ടും ഉരുട്ടിയ്ക്കുയാണു്. പണമുള്ളവർ ഇനി കടം കൊടുക്കണ്ട എന്നു തീരുമാനിച്ചാൽ മതിയെല്ലോ. ഇപ്പോഴത്തെ സ്ഥിതിഗതികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഇതല്ല ഒരു പരിഹാരമാർഗ്ഗം. ഈ വിളംബരം തല്ക്കാലത്തേയ്ക്കു നീട്ടിയെന്നു വന്നാലും, വീണ്ടും ഇതേനിലയിൽതന്നെ തുടർന്നു നീട്ടിക്കൊണ്ടുപോകേണ്ടിവന്നാൽ എത്രപ്രാവശ്യം ഒരു വിളംബരം പ്രസിദ്ധപ്പെടുത്തണമെന്നാണു ഞാൻ ചോദിക്കുന്നതു്. ബഹുമാനപ്പെട്ട ഗവമ്മെൻറു് ഈ സംഗതിയിൽ നല്ലപോലെ ആലോചിച്ചു പ്രവൃത്തിക്കണം. ഇത്തരത്തിലായാൽ എത്ര ലജ്ജയാണു ഗവമ്മെൻറിനു നേരിടാൻ പോകുന്നതു്?

മിസ്റ്റർ കെ. എം. ഇബ്രാഹിം — ഗവമ്മെൻറിനെ സ്തുതിക്കുകയാണല്ലേ?

മിസ്റ്റർ പോപ്പുറുലാൽ ഗോവർദ്ധനലാലൻ — യഥാർത്ഥത്തിൽ കർഷകന്മാർ വാങ്ങിയ്ക്കുന്ന കടം എന്തൊവശ്യങ്ങൾക്കു വേണ്ടി ചിലവിടുന്നു; അവർക്കുള്ള കടങ്ങൾ എങ്ങിനെ വന്നുചേരുന്നു എന്നു് എന്റെ ബഹുമാനപ്പെട്ട സ്നേഹിതന്മാർ ചിന്തിയ്ക്കുന്നില്ല. ഈ ഒരു വിളംബരം ഇവിടെ മുമ്പു് പ്രസിദ്ധപ്പെടുത്തിയതിനുശേഷം വേറെ പല മാർഗ്ഗങ്ങളും കർഷകന്മാരുടെ രക്ഷയ്ക്കുവേണ്ടി ചെയ്യുവാൻ വിചാരിക്കുന്നതായും, താമസിയാതെ നടപ്പിൽ വരുത്തുന്നതായും എന്റെ അറിവിലും അനുഭവത്തിലും പെട്ടിട്ടുണ്ടു്.

കടംവാങ്ങുന്നവർ രണ്ടുതരക്കാരാണു്. യഥാർത്ഥത്തിൽ കൃഷിയ്ക്കുവേണ്ടിയുള്ള ആവശ്യങ്ങൾ നിറവേറുവാൻ കടംവാങ്ങിയ്ക്കുന്നവർ വളരെ ചുരുക്കമേയുള്ളൂ. കൃഷിയ്ക്കല്ലാതെ കടം വാങ്ങിയ്ക്കുന്നവരാണധികവും. അവർക്കു കടം കൊടുത്തു സഹായിച്ചിട്ടുണ്ടെങ്കിൽ തിരിച്ചുകിട്ടുവാനുള്ള വഴിനോക്കാൻ പാടില്ലെന്നാണോ ഇതിന്റെയെല്ലാം സാരം? ഇതിനു് എന്തു ന്യായമാണു നിങ്ങൾ പറയുന്നതു്? കൊടുത്തപണം പിരിച്ചെടുക്കുന്നതിൽ എന്തു നീതികേടാണു് ഇവിടെ കാണുന്നതു്? അതുകൊണ്ടു് ബഹുമാനപ്പെട്ട ഗവമ്മെൻറു് കർഷകരുടെ ഋണബാധയ്ക്കു ശരിയായ മറുവല്ല പദ്ധതികളും കണ്ടുപിടിച്ചു്, പൊതുജനങ്ങളെ എല്ലാം ഒന്നുപോലെ വിചാരിച്ചു രക്ഷിയ്ക്കണം. അതല്ലാതെ ഈ ബാധ ഒരിക്കലും ഈ നാട്ടിൽനിന്നു് ഒഴിഞ്ഞുപോകയില്ല. അതിനു വേറെ മാർഗ്ഗങ്ങൾ ചിന്തിയ്ക്കണമെന്നു് ഞാൻ ബഹുമാനപ്പെട്ട സഭാവാസികളോടും പ്രത്യേകിച്ചു ഗവമ്മെൻറിനോടും അപേക്ഷിച്ചുകൊള്ളുന്നു. നമ്മുടെ നാട്ടിലെ സ്ഥിതിഗതികൾ പുറരാജ്യങ്ങളിലുള്ളവർ, ഇത്തരത്തിലാണെന്നറിയുമ്പോൾ നമ്മെ പരിഹസിക്കും. അതിനിടവരാതിരിക്കുവാൻ കച്ചവടത്തെയും കൈത്തൊഴിലുകളേയും നഷ്ടപ്പെടാതിരിയ്ക്കത്തക്കവണ്ണം ഈ കാര്യത്തിൽ വേണ്ടതു പ്രവൃത്തിയ്ക്കണമെന്നു ഞാൻ ഗവമ്മെൻറിനോടു പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു.

Mr. A. Narayana Menon.—Sir, I am constrained to observe that I have to oppose this Resolution, because I know

LIBRARY ARCHIVES Kerala Legislative Assembly

the practical difficulties of the working of the recent Proclamation which has now fortunately come to a close. The term 'execution proceedings' has been understood by our Courts, and has also been successfully contended by the debtors, to mean that the creditor cannot apply even for the appointment of Receivers. It may be in very many cases that the debtor may be deviod of any other property than the property in dispute. The result of the recent Proclamation has been to allow the debtor to take all the income from the property and to appropriate it for himself without giving the creditor any opportunity to get anything out of it. Of course, if the Proclamation had made provision for the appointment of Receivers or had made provision for the debtor to give at least one anna in the rupee to the creditor or to make instalment payments, it would not have worked so much hardship. What we find from the procedure in Courts is that in almost 90 per cent of the cases the properties attached and properties decreed to be sold in Courts of law are not sufficient for the decree debt; by preventing the decree holder from executing the decree the debtor is allowed to swallow everything that comes by way of income out of the property, thereby paving the way for the increase of debtors in the land. In so far as Cochin State is concerned we have not got a creditor class as it is understood elsewhere. If I am a creditor of somebody I am debtor to somebody else; so that, if I do not get at least a portion of the interest that is due to me I am prevented from meeting my obligations to my creditors. If we allow such a state of affairs to prolong the result will be an increase in the number of insolvents in our State. That is one thing.

Now, the Proclamation has been so interpreted at the instance of judgment-debtors that execution petitions pending or filed during the period of the Proclamation cannot be proceeded with. I shall illustrate the point. Suppose, in compliance with the prayer of an execution petition a property has been proclaimed for sale to the 14th of Makaram. The sale could not go on since the execution petition was put in or was pending during the period of Proclamation. This is the ruling just given. So, practically with reference to decrees that are not six years old, the judgment-debtors now get three or four months more than the period that was originally granted by the Proclamation. The ruling says that you can put in execution petitions only after the 14th Makaram. For a valid sale of property we want 30 days to elapse after affixure and in course of the Proclamation, for the sale of a property we have

LIBRARY ARCHIVES Kerala Legislative Assembly

to wait for two or three months after taking out execution under normal conditions. The mid-summer holidays are coming to the rescue of the debtor. The result is that in the case of people who got benefit of the Proclamation their properties cannot be sold before Edavam or Mithunam next. That is the result of the Proclamation as interpreted by courts. So, I think that considering all these aspects and also the hardship that is worked upon the creditors, it is not proper for us to give any longer life to the Proclamation or to issue any further Proclamation on the subject. With these few words, I oppose the resolution.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി.— സർ, ഈ പ്രമേയത്തെ സംബന്ധിച്ചു സംസാരിക്കുമ്പോൾ അടുത്ത കാലത്തുണ്ടായ രാജകീയ വിളംബരത്തിലെ ചില സംഗതികളെ സംബന്ധിച്ചു പറയേണ്ടതത്യാവശ്യമായിരിക്കുന്നു. ഈ പ്രമേയത്തിൽ ആവശ്യപ്പെട്ടിരുന്നതു മുമ്പുണ്ടായ രാജകീയ വിളംബരംപോലെതന്നെ മറെറാരു വിളംബരം പ്രസിദ്ധപ്പെടുത്തണമെന്നാണ്. അതായതു കുറച്ചു കാലത്തേക്കു കൂടി കർഷകന്മാരുടെ പേരിലുള്ള വിധിനടത്തുകയും നിറുത്തിവെക്കണമെന്നാണ്. ഇതിനെ സംബന്ധിച്ചുള്ള എന്റെ ചില അനുഭവങ്ങളെക്കുറിച്ചു പ്രസ്താവിക്കാം. വിധിയുടമസ്ഥന്മാർ രണ്ടു തരത്തിലാണ്. അതായതു കൃഷിക്കാർ, കൃഷിക്കാരല്ലാത്തവർ. അതേവിധംതന്നെ വിധിക്കടക്കാരേയും രണ്ടായി വിഭജിക്കാം. ക. കർഷകന്മാർ, ഖ. കർഷകന്മാരല്ലാത്തവർ. കർഷകന്മാരായ വിധിക്കടക്കാരുടെ നേരെ നടത്തിവരുന്ന വിധിനടപടികൾ നിറുത്തി വെയ്ക്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നതു്. ഈ വിളംബരംകൊണ്ടു വിധിക്കടക്കാരായ കർഷകന്മാരുടെ നേരെ നടപടി നടത്താവുന്നതല്ല. മറെറല്ലാക്കൂട്ടരുടെ നേരെയും നടപടി നടത്താവുന്നതാണ്. ഒരു കച്ചവടക്കാരൻ ഒരേ സമയത്തു് വിധിയുടമസ്ഥനാകുകയും വിധിക്കടക്കാരനാകുകയും ചെയ്യുമ്പോൾ ആണ് കഷ്ടതയും വിഷമവും ഉണ്ടാകുന്നതു്.

ഇതിനൊരു ഉദാഹരണം പറയാം. ഞാൻ ഒരു കച്ചവടക്കാരനാണ്. ആയിരം ഉറുപ്പിക എനിക്കു കൃഷിക്കാരനിൽനിന്നു പിരിഞ്ഞുകിട്ടുവാനുണ്ടു്. ഞാൻ മറെറാരു വിധിയുടമസ്ഥന് 1000 ഉറുപ്പിക കൊടുക്കുവാനുണ്ടു്. ടിയാൻ കൃഷിക്കാരനായാലും കച്ചവടക്കാരനായാലും വേണ്ടതില്ല; ആ വിധിയുടസ്ഥനു എന്റെ പേരിൽ വിധി നടത്തുന്നതിനു് തടസ്ഥമില്ല. എനിക്കു പിരിയുവാനുള്ള സംഖ്യ പിരിഞ്ഞിട്ടു വേണം മേൽ പറഞ്ഞകടം തീർപ്പാൻ. എന്റെ വിധിക്കടക്കാരന്റെ പേരിൽ നടപടി നടത്തുവാൻ എനിക്കു പാടില്ലാതിരിക്കുകയും, എന്റെ വിധിയുടമസ്ഥൻ എന്റെ പേരിൽ നടപടി നടത്തുകയും ചെയ്യുന്നതിനു ഇടകൊടുക്കുന്ന ഒരു വിളംബരം കഷ്ടമല്ലയോ എന്നാണു ഞാൻ ചോദിക്കുന്നതു്. അ

LIBRARY ARCHIVES Kerala Legislative Assembly

തായത്ത് എനിക്ക പണം പിരിഞ്ഞുകിട്ടുവാൻ ഉണ്ടായാലും അത്യാവശ്യമായ നഷ്ടങ്ങളും കഷ്ടതകളും ഞാൻ ഈ വിളംബരംകൊണ്ട അനുഭവിക്കേണ്ടിവരും. അങ്ങിനെ ഒരു വിളംബരം പ്രസിദ്ധപ്പെടുത്തുന്നതു ന്യായമല്ലെന്നാണ് എന്റെ വാദം. കൃഷി ഒഴിച്ചു മറ്റുള്ള ജോലികളിൽ ഏർപ്പെട്ട കാലക്ഷേപം ചെയ്യുന്ന ജനങ്ങളെ ദ്രോഹിച്ചു കൃഷിക്കാക്ക മാത്രമായി ഗുണം ചെയ്യുന്നതുകൊണ്ട പല ദോഷങ്ങളുമുണ്ടാകാം. അതുകൊണ്ട് ഇത്തരത്തിൽ ദോഷം വരാവുന്ന ഒരു സംഗതി ഗവമ്മെണ്ടിൽനിന്നും ചെയ്യുകൊടുക്കയില്ലെന്നാണ് എന്റെ വിചാരം. ഗവമ്മെണ്ട് ഒരിയ്ക്കലും ജനങ്ങളെ രണ്ടു തരത്തിലായി കരുതുവാനും വേർതിരിച്ചു നിറുത്തുവാനും പാടില്ലാത്തതാണ്.

കച്ചവടം, വ്യവസായം തുടങ്ങിയുള്ള ഏർപ്പാടുകൾ നടത്തിവരുന്നവക്ക കടംവാങ്ങിയാൽ കൊടുത്തുതീക്കുവാനുള്ള മാർഗ്ഗമുണ്ടാകുമോ, കടം കിട്ടുവാനുള്ള വഴികൾ വല്ലതുമുണ്ടോ എന്നിവയെല്ലാം നല്ലപോലെ ആലോചിച്ചാണ് ഓരോ ഏർപ്പാടുകൾ നടത്തുന്നതു്. ഒരു പണക്കാരൻ ഒരാൾക്ക് സംഖ്യ കൊടുക്കുമ്പോൾ അതു് അയാൾ മടക്കിത്തരുമോ, അപ്രകാരം അതു കിട്ടിയില്ലെങ്കിൽ അതു തിരിച്ചു മേടിക്കുവാൻ നിയമം അനുവദിക്കുന്നുണ്ടോ എന്നു് ആലോചിച്ചിട്ടായിരിക്കും കടം കൊടുക്കുക. കൃഷിക്കാരുടെ നേരെ വിധിനടത്തുവാടില്ലെന്ന വിളംബരമോ നിയമമോ ഉണ്ടെങ്കിൽ കടം കൊടുപ്പാൻ പണക്കാർ വൈമനസ്യം കാണിക്കുമെന്നതിനു സംശയമില്ല. കടം കൊടുക്കുക മുതലായ ഏർപ്പാടുകൾക്ക സാരമായ തടസ്ഥം നേരിടുമെന്നു തീച്ചു തന്നെ. ഇത്തരം വിളംബരംകൊണ്ടു ഒരുകൂട്ടക്കുമാത്രമേ ഗുണം ഉണ്ടാകുന്നുള്ളൂ. മേലിൽ കടംവാങ്ങാൻ ആവശ്യമില്ലാത്തവരും ഇപ്പോൾ നിലവിലുള്ള കടം തീക്കണ്ട എന്നു വിചാരിക്കുന്നവരും ആയ കർഷകന്മാക്കുമാത്രം ഗുണമുണ്ട്. നേരുമറിച്ചു കടംവാങ്ങി വ്യവസായങ്ങളോ മറ്റോ നടത്തുവാൻ ഉദ്ദേശിക്കുന്നവക്കും കൃഷിചെയ്യുന്നവർക്കും ഇതു വളരെ ദോഷത്തെ ചെയ്യുന്നതാണ്. ഈവിധമുള്ള വിളംബരംകൊണ്ടു നമ്മുടെ നാട്ടുകാർക്ക ഇതരരാജ്യക്കാരുമായി പണമിടപാടു ചെയ്യുവാൻ വലിയ വിഷമവും ബുദ്ധിമുട്ടും ഉണ്ടാകുമെന്നു പറയേണ്ടതില്ല. ഇത്രത്തോളം പറയുന്നതുകൊണ്ടു ഞാൻ ഒരു കർഷകവിരോധിയാണെന്നു തെറ്റിധരിക്കാതിരിപ്പാൻ എനിക്ക് ഒരു അപേക്ഷയുണ്ട്.

രണ്ടാമതായി ജന്മിമാർക്കും ഈ രാജകീയ വിളംബരം ദോഷമായി തീരുന്നതാണ്. പാട്ടക്കാരനിൽനിന്നും ഒരു പൈപോലും ജന്മിക്ക കിട്ടുന്നുമില്ല, അങ്ങിനെ കിട്ടുവാൻ തരവുമില്ല. കുടിയാന്മാരിൽനിന്നും പിരിഞ്ഞിട്ട വേണമല്ലൊ ജന്മിയ്ക്ക നിലത്തിന്റെ നികുതിയടയ്ക്കുവാൻ. ഈ വിളംബരം മൂലം നികുതി ക്രമമായി അടക്കാത്ത പല ജന്മികളും നാം കാണുന്നുണ്ട്. നല്ലകാലത്തുതന്നെ പാട്ടവും മിച്ചവാരവും ക്ര

LIBRARY ARCHIVES Kerala Legislative Assembly

മമായി കൂടിയാന്മാർ കൊടുക്കാറില്ല. കേസ്സുകൊടുത്തു വാറണ്ടിൽ പിടിക്കയോ മറ്റോ ചെയ്യുമെന്നു കണ്ടാൽ കുറേശ്ശെകുറേശ്ശെയായി കൂടിയാന്മാർ കൊടുക്കുമായിരിയ്ക്കാം. ഇപ്പോഴാകട്ടെ ഉൽപ്പന്നങ്ങളുടെ വിലയും കുറഞ്ഞുപോയിരിയ്ക്കുന്നു. എങ്കിലും ഗവമ്മെൻറിനു കിട്ടേണ്ട സംഖ്യ ശരിയായി കിട്ടുന്നുണ്ടോ എന്നു മാത്രമേ ഗവമ്മെൻറിനു നോട്ടമുള്ളൂ. അതിലേയ്ക്കു് ഉപായങ്ങൾ ഒന്നും പറഞ്ഞാൽ ഗവമ്മെൻറു സമ്മതിയ്ക്കയുമില്ല. ശരിയായി പരിഞ്ഞു കിട്ടുന്നില്ലെങ്കിൽ അതിനു വേണ്ടുന്ന വഴികളിൽ ഗവമ്മെൻറു കർശനമായി നടപടി നടത്തുകയും ചെയ്യും. അങ്ങിനെ വരുമ്പോൾ ജന്മികളുടെ സ്ഥിതിയും വളരെകഷ്ടത്തിലാകും.

ഇതിനും പുറമെ കോവാപ്പറേറിവു് സൊസൈറ്റി പലതും ഉള്ളതു് നാട്ടുപുറങ്ങളിലാണു്. അവകളിൽനിന്നും അധികവും കടം കൊടുത്തുവരുന്നതു നാട്ടുപുറത്തുകാരായ കച്ചവടക്കാർക്കും കൃഷിക്കാർക്കുമാണു്. എന്നാൽ ഈ കച്ചവടക്കാരിൽ ഒരു തുണ്ടു പറമ്പെങ്കിലും ഇല്ലാത്തവരുണ്ടാകയില്ല. ഒരു തുണ്ടു പറമ്പുണ്ടെന്നു തെളിവു കൊടുത്തുകഴിഞ്ഞാൽ മാന്യന്മാരായ മുൻസിഫന്മാർ അവരേയും കർഷകന്മാരാണെന്നു സ്ഥാപിച്ചു ഉത്തരവിടുന്നു. എന്റെ ഒരു അനുഭവം പറയാം. ഒരു വലിയ സർക്കാരുദ്യോഗത്തിലിരുന്നു് ഒടുവിൽ നൂറ്റി ഇരുപത്തഞ്ചോ നൂറ്റി മുപ്പതോ ഉറുപ്പികയോ പെൻഷൻ പറ്റിയ ഒരു ഉദ്യോഗസ്ഥനെ വാറണ്ടിൽ പിടിച്ചു കോടതിയിൽ കൊണ്ടുവന്നു. അദ്ദേഹം പാട്ടശീട്ടപ്രകാരം നൂറ്റി അൻപതു പറ നെല്ലു പാട്ടം കൊടുക്കേണ്ടതുണ്ടായിരുന്നു—കുടിപ്പായാൽ പത്തോ മുപ്പതോ പറ നെല്ലു്. ആ പാട്ടവിളവിൽനിന്നു ആദായം കിട്ടുമായിരിയ്ക്കാം — അദ്ദേഹത്തേയും അഗ്രികൾച്ചറിസ്റ്റു് ആണെന്നു കോടതി തീരുമാനിച്ചു. ടിയാൻ നേരിട്ടു കൃഷി ചെയ്തിരുന്നുവൊ എന്നു സംശയമാണു്. കൃഷിക്കാരനാകണമെങ്കിൽ ഈ നിലയ്ക്കു് കൃഷി ചെയ്യണമെന്നില്ല. ഒരു തുണ്ടു പറമ്പെങ്കിലും അയാളുടെ കൈവശമുണ്ടായാലും കൃഷിക്കാരനാണെന്നു തീരുമാനിക്കുന്നുണ്ടു്. ശരിയായ കൃഷിക്കാർ അല്ലാത്തവർക്കും കൂടി ഈ വിളംബരം കൊണ്ടു ഗുണം സിദ്ധിച്ചിട്ടുണ്ടു്. മുൻസിഫിന്റയോ മറ്റോ ഉത്തരവിനു അപ്പീലോ റിവിഷനോ അനുവദിച്ചിട്ടുമില്ല. ഇങ്ങിനെ ഒരു രാജകീയ വിളംബരം പ്രസിദ്ധപ്പെടുത്തിയതുതന്നെ ശരിയല്ലെന്നാണു് എന്റെ അഭിപ്രായം. ഇതിനു ഒരുകൂട്ടരെ തുണച്ചു് മറ്റൊരു കൂട്ടരെ രക്ഷിയ്ക്കുക എന്നതുമാത്രമേയുള്ളൂ. കൊടുത്തു വാങ്ങൽ എന്നു ഏർപ്പാടു രാജ്യത്തിലെ എല്ലാ ജനങ്ങൾക്കും കൂടാതെ കഴിയാത്തതാകകൊണ്ടു അതിനെ സംബന്ധിച്ചു് കർഷകന്മാർക്കുമാത്രം ബാധകമാകുന്ന ഒരു നിയമമോ രാജകീയ വിളംബരമോ ഉണ്ടാക്കുവാൻ സാധിക്കുന്നതല്ല. അവർക്കു തിരിച്ചായി ഒരു നിയമം പാസ്സാക്കിയാൽ അതിന്റെ ഭവിഷ്യത്തുകളൊ ഫലങ്ങളൊ മറ്റുള്ളവർക്കും

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകാതിരിക്കയില്ല. കർഷകന്മാരിൽതന്നെ കടം വീട്ടാൻ പ്രാപ്തി യുള്ളവർ ഉണ്ടാകാം. അവരും ക്രമേണ കടം വീട്ടാതിരിക്കും. ഈ വിളം ബരത്തിൽ കടം എങ്ങിനെ ഉത്ഭവിച്ചു എന്നു നോട്ടമേ ഇല്ല. ഏതുപ്ര കാരത്തിൽ വാങ്ങിച്ചാലും കർഷകന്മാരെ രക്ഷിയ്ക്കണം, അല്ലാതെ നി വൃത്തിയല്ല എന്നുള്ള നില തെറ്റാണ്. ന്യായമായിട്ടുള്ള കാര്യങ്ങൾ ക്ക് കുറെ പണം ഒരാൾ കടം വാങ്ങിച്ചു, അയാൾക്കു കൊടുത്തു തീ ർക്കുവാൻ നിവൃത്തിയില്ലാതെ വന്നു, ഉൽപന്നങ്ങളുടെ വിലയും കുറഞ്ഞു, കടം തീർക്കാൻ നിവൃത്തിയില്ല, ഒരു വഴിയിലും അയാൾക്കു രക്ഷയില്ല എന്നു വരുന്നതായാൽ അങ്ങിനെയുള്ളവരെ രക്ഷിക്കേണ്ട മുഴുതല ഗ വമ്മെണ്ടിനുണ്ട്. അവരെ പ്രത്യകം തരംതിരിച്ചു അവർക്കു വല്ല സ ഹായങ്ങളും ഗവർമ്മെണ്ടു ചെയ്യേണ്ടതാണ്. അങ്ങിനെ ചെയ്യുവാൻ വിചാരിയ്ക്കുന്നുണ്ടെങ്കിൽ അതിൽ ഞങ്ങൾക്കു വിരോധമില്ല. എന്നാ ൽ കർഷകേതരന്മാർക്കു പ്രതികൂലമായ തരത്തിൽ ഒരു രാജകീയ വിളം ബരം പ്രസിദ്ധപ്പെടുത്തുവാൻ വിചാരിയ്ക്കുന്നുണ്ടെങ്കിൽ അതു നല്ലവ ണ്ണം ആലോചിച്ചു വേണ്ടതാണ്. അതു് അത്ര നിസ്സാരമായ ഒരു കാര്യമല്ല.

അതുകൊണ്ടു് എനിയ്ക്കു പറയുവാനുള്ളതു് കർഷകന്മാർക്കു ക്രമത്ത ൽ ഋണം ചെയ്യുവാൻ സൌകര്യമുള്ളതും, കൃഷിക്കാരല്ലാത്തവർക്കു യാ തൊരു തരത്തിലും ദോഷംവരാത്തതുമായ എന്തുമാർഗ്ഗമാണ് നടപ്പിൽ വരുത്തുന്നതിലും എനിയ്ക്കു സമ്മതമാണ്.

മിസ്റ്റർ കെ. എം. കുഞ്ഞുമൊയ്തീൻ.— അതിനു വേറെ എന്തു വിദ്യയാണുള്ളതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി.— പല പരീക്ഷണങ്ങളും നടത്തുകത ന്നെ. ലോകം മുഴുവൻ സാമ്പത്തികാധഃപതനം പടർന്നുപിടിച്ചു കിട ക്കുന്നു. അതിനു നിവാരണമാർഗ്ഗമാണ് കണ്ടുപിടിയ്ക്കുവാനായി എത്ര യോ വലിയ ധനതത്വശാസ്ത്രവിശാരദന്മാർ ആലോചിച്ചു് അവരുടെ തല പുകഞ്ഞിട്ടപോലും ഇതുവരെ ഒരു മാർഗ്ഗം കണ്ടുപിടിയ്ക്കുവാൻ ക ഴിഞ്ഞിട്ടില്ല. അങ്ങിനെയിരിക്കെ നാം ആലോചിച്ചിട്ട് ഒരു നിർദ്ദേ ശം സാധിച്ചില്ല എന്നുവരുന്നതു് ഒന്നുകൊണ്ടും പോരായ്മയല്ല. ഇതി നുള്ള എളുപ്പമായ ഒരു മാർഗ്ഗം — ഒരു ഒറുമൂലിക — ഇതുവരെ ആ രും സൂചിപ്പിച്ചിട്ടില്ല. തുറമുഖം, റയിൽവെ എന്നിവയ്ക്കുവേണ്ടി ഗ വമ്മെണ്ടിൽനിന്നു് വലിയ സംഖ്യ ചിലവാക്കി. തുറമുഖത്തിനുവേ ണ്ടി ഇനിയും ചിലവാക്കാൻപോകുന്നു. വന്നിച്ച സംഖ്യ ഗവമ്മെണ്ടു പക്കൽ ഉള്ളപക്ഷം ഇതിനു ഒരു നിവാരണമാർഗ്ഗം നിർദ്ദേശിക്കാൻ വലിയ പ്രയാസമുണ്ടാകയില്ല.

മോറട്ടോറിയം ഇനി ആറുമാസത്തെയ്ക്കുകൂടി നീട്ടിക്കൊണ്ടുപോ കുകയെന്നുള്ളതു് വളരെ വിഷമമായ സംഗതിയാണ്. ഇപ്പോൾ യു

LIBRARY ARCHIVES Kerala Legislative Assembly

സൂറിയസ് ലോൺസ് ബിൽ പാസായിട്ടുണ്ട്. ക്രടാതെ ലാൻഡ്മാർട്ട്ഗേജ്ബാങ്കും തുടങ്ങിയിരിയ്ക്കുന്നു. അവയെ ഒരു വലിയ കാര്യമായിട്ട് ഞാൻ കരുതുന്നില്ല. രാജ്യത്തുള്ള മറ്റു ബാങ്കുകളിൽനിന്ന് വലിയ ഒരു വ്യത്യാസം ലാൻഡ്മാർട്ട്ഗേജിനില്ല. ലാൻഡ് മാർട്ട്ഗേജ് ബാങ്ക് എന്ന പേര് വർത്തമാനപത്രങ്ങൾ വഴിയായി ലോകം മുഴുവനും അറിഞ്ഞുകഴിഞ്ഞിട്ടുണ്ടെങ്കിലും അതുകൊണ്ടു വലുതായ ഒരു ഗുണം കർഷകന്മാർക്കുണ്ടാകുമോ എന്നു ഞാൻ സംശയിക്കുന്നു. ഈ സ്ഥാപനംകൊണ്ടുള്ള ഉപയോഗം, വസ്തുക്കളുടെ വില മതിക്കുന്ന രീതി അടച്ചു തീർപ്പാനുള്ള കാലദൈർഘ്യം എന്നിവയെ ആശ്രയിച്ചിരിക്കും. ഈ കാര്യത്തിൽ ഗവർമ്മെൻറു മുമ്പിലത്തേക്കാൾ കുറച്ചു കൂടുതലായി ശ്രദ്ധ പതിച്ചുകാണുന്നതിൽ എനിയ്ക്കു വളരെ സന്തോഷമുണ്ടെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ വിരമിക്കുന്നു.

* **Dr. A. R. Menon.**—Sir, I have patiently listened to the arguments advanced from both sides. I was able to follow it so far as the facts are concerned but I confess that I was not able to understand the legal arguments advanced by my friend sitting over here. We laymen find it rather difficult to understand the various implications but I can understand one or two salient features.

One is this is a piece of emergency legislation, a piece of legislation which has not been enacted in any other part of India except in Travancore. The mere fact that this piece of legislation was passed by a Proclamation is an indication, if any indication is necessary, an admission, if any admission is necessary, that we are living under extraordinary conditions. (Hear, hear.) I sincerely sympathise with you, Sir, and the Members of the Government in the dilemma in which you find yourselves. When all is said and done under extraordinary circumstances, extraordinary laws must be enforced and in the enforcement of such pieces of legislation if a minority is made to suffer I do hold as every one who had experience of Governments hold, that it is the duty of the Government to sacrifice the interests of the minority in favour of the majority. There is no denying the fact that the monied classes are made to suffer and their interests are not safeguarded by this piece of legislation. That is in my view no justification whatsoever on the part of a civilised Government to throw away the interests of 90 per cent of the population. It is our duty to prove that there is such a depression and that a large majority of our population is suffering under the strain of this severe unheard-of world depression. If you succeed in proving that, then I hold

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

it is your duty, irrespective of the influences of the richer classes weilded upon the Government, to take your courage in both your hands and do the needful. Either this Proclamation is wrong or your refusal to renew it is wrong. One of the two is wrong. If conditions were such that you thought it necessary to invoke the power of His Highness to issue a Proclamation, conditions which compelled you to resort to this piece of legislation do exist even today. Therefore either that Proclamation was unnecessary or if the Proclamation was necessary a refusal to renew this Proclamation is unjustifiable. One of the two is wrong.

Mr. C. R. Iyyunni.—Not necessary.

Dr. A. R. Menon.—Not necessary provided my friend can show that the conditions have improved. If he succeeds in doing so, then certainly the contention 'not necessarily' will be acceptable to us. Till it is proved I hold that my contention is justifiable and it must be conceded that the Government for various reasons found it difficult to renew the Proclamation though they are conscious of the depressed state of affairs. I am not going to criticise the Government because this is an emergency piece of legislation which cannot be made permanent for all time to come. But the considerations that prompted you to bring forth this piece of legislation should, in our humble opinion, also induce you to advise His Highness to extend this to at least another period of six months. You are trying to do something to ameliorate the condition of the poor debtors because yesterday you accepted a Bill. The Land Mortgage Bank is taking shape and it is too early to say whether it is going to be of any benefit or not. Similarly the Debt Conciliation Bill will take some time before you will be in a position to appreciate that measure. Rightly or wrongly we accepted that piece of legislation and those who supported that Bill yesterday are morally bound to support it. After having said this what we can do is to make representations to the Government. I fully realise the great difficulties that confront the Government and what the solution is must be left to the superior wisdom of the Government. This I am not speaking in an ironical way. We are not in a position to find any solution to solve this problem. We see on one side this depression, this great trouble, this great poverty which has cost thousands of households. On the other hand, as my Hon'ble friend for Mattancherri said, we hear the cry 'This Government is asking the people not to repay the debts that they have incurred'. What is to be done? That is a proposition I leave to the superior intelligence and riper

LIBRARY ARCHIVES Kerala Legislative Assembly

experience of the Members on the Government side who would be able to solve it much easier, much better than by any suggestions from this side.

Now, Sir, I would like to make one or two suggestions. One is that in all cases a certain proportion is to be paid. Unless a certain proportion is to be paid it should not be allowed to continue. The second is, if the Government find it necessary you can extend the Moratorium. There is some force in the contention that while one cannot realise the money due to him it is not possible for him to pay to his creditors. Let us not consider the step-motherly affection to the Bank. If it is ruinous to the Bank. The Bank has ruined thousands of families. The banking system I understand has been the cause of ruination of the rural areas along with urban areas. When the representatives of the Bank come forward and plead for the Jenmies don't be misguided by the argument.

There may be debtors among the Members, there may be monied classes among the Members. But let us not attribute motives. Both are advocating their own points of view. I am perfectly satisfied that the majority of the Members did not speak on their own behalf, but only in a general sense. Of course it may be that they are also affected by it. Various difficulties have been pointed out and I am unable to give a solution. Let things stand as they are. If you do not do one of these two things I am afraid, there will be a grave calamity. It is not an exaggeration. Unless you do that, unless you deal with this with all the seriousness it requires there will be great difficulties and the country will be depopulated and, after all, a depopulated country is not fit to be ruled by His Highness the Maharaja. (Hear, hear). In the process, as I said, if you have to take extraordinary measures, as other Governments have done before, do it for God's sake and take the necessary measures so that you can stem the tide that flows and give some relief to the large number of people who are entrusted to your care. Our business here is only to make representations. The responsibility rests with you. It is only at times that we have this feeling of satisfaction that the responsibility rests with you and not with us. We can only sympathise with you and all we can do is to help you with our moral support which I have no doubt you will get in this Council in spite of the Bankers, landlords and merchants. (Hear, hear). As this is such a difficult proposition, I would utter a word of advice to the mover that it would be in the fitness of things, after

LIBRARY ARCHIVES Kerala Legislative Assembly

making representations to the Government and to you, Sir, personally, to withdraw the resolution and to leave the Government to give some proper relief. I hope the official members along with the Diwan will do their level best to help these poor people without doing enormous injustice to the monied classes. I hope, Sir, that our appeal will have the desired response from the Government.

*മിസ്റ്റർ ടി. കെ. നായർ— മകരമാസം ഫസ്-ാം ന- വരെ, അതിന് ഏതാണ്ട് ഒരാഴ്ച മുമ്പുതൽ ദിവസംപ്രതി അഞ്ചലിൽ പ്രത്യേക ഗസറുണ്ടോ എന്ന് അന്വേഷിക്കലായിരുന്ന എന്റെ ജോലി. (ഹിയർ, ഹിയർ) അതു് എന്റെ സ്വന്തം നിലയ്ക്ക് മകരം ഫർ-ാം ന- യായാൽ വല്ല ജപ്തിയോ മറേറാ വരുമെന്നുള്ള ഭയം കൊണ്ടല്ലായിരുന്ന. അ അവസരത്തിൽ വിശേഷിച്ചും ഈ വക വിധിക്കടങ്ങളൊന്നും എനിയ്ക്കുണ്ടായിരുന്നില്ല. പലരും നാട്ടുപുറങ്ങളിലുള്ളവർ എന്നോട് ചോദിച്ചു ഫസ്-ാം ന- കഴിഞ്ഞാൽ ഈ വിളംബരം ഒന്നുകൂടി നീട്ടിക്കിട്ടുമോ എന്ന്. ഞാൻ എന്റെ ബുദ്ധിയിൽ പെട്ടിടത്തോളം ഗവൺമെണ്ടിന് ഇതു നീട്ടാതെ കഴിയുകയില്ലെന്നും, ചുരുങ്ങിയതു മൂന്ന മാസത്തെയ്ക്കിലും നീട്ടാതിരിയ്ക്കയില്ലെന്നും അവരോട പറഞ്ഞു. ഒരു അനുദ്യോഗസ്ഥനെന്ന നിലയ്ക്ക് ഞാൻ ആലോചിച്ചപ്പോൾ എനിയ്ക്കു തോന്നിയതു് ആദ്യത്തെ വിളംബരത്തിന കാരണമുണ്ടായാലും ഇല്ലെങ്കിലും, ബഹുമാനപ്പെട്ട തുശ് ശ്രർ മെമ്പർ പറഞ്ഞതുപോലെ അതു പരമാബദ്ധം തന്നെയായിരുന്നാലും ആറു മാസക്കാലത്തേയ്ക്ക പ്രസിദ്ധപ്പെടുത്തിയ ഗവൺമെൻറ് ഇനിയുമൊരു മൂന്ന മാസത്തേയ്ക്ക കൂടി നീട്ടാതിരിയ്ക്കയില്ല എന്നാണ്. ഇതു് എന്റെ ബുദ്ധിപൂർവ്വകമായ ആലോചനയ്ക്ക ശേഷം എനിയ്ക്ക തോന്നീട്ടുള്ളതാണ്. (ചിരി) എന്താവശ്യത്തിനാണ വിളംബരം പാസാക്കുന്നതു്? സാധു കർഷകന്മാരെ രക്ഷിയ്ക്കുവാൻവേണ്ടി. അതായതു് കടത്തിൽ മുങ്ങിക്കിടക്കുന്ന ആളുകളെ സഹായിയ്ക്കുവാൻവേണ്ടി. ഗവൺമെൻറിൽനിന്ന് ലാൻറുമോർട്ടഗേജ് ബാങ്കുമൂലമോ മറേറതെങ്കിലും തരത്തിലോ ധനസഹായം ചെയ്തു് അവരുടെ കടച്ചുമതല തീർക്കുവാൻ ഒരു വഴി നടപ്പാക്കുന്നതുവരെ കടക്കാർ ആരും ബുദ്ധിമുട്ടരുതു് എന്നുള്ളതാണ വാദം. അതായതു് ഒരു ഇമ്മെഡ്ഷൻ കൊടുക്കുക. മകരം ഫസ്-ാം തിയ്യതിയ്ക്കുള്ളിൽ കൊച്ചീരാജ്യത്തു് ഒരാൾക്കെങ്കിലും ഗവൺമെൻറിൽനിന്ന് ഏതെങ്കിലും വഴിയ്ക്ക ധനസഹായം ചെയ്യുന്നതാണ്, മകരം ന-ാം ന- ലാൻറ് മാർട്ടഗേജ് ബാങ്ക തുടങ്ങുന്നതാണ് എന്ന പറഞ്ഞിട്ട് ഫസ്-ാം ന- കഴിഞ്ഞിട്ടും ഇന്നുവരെ ഒറ ഒരാൾക്കും അതുകൊണ്ട യാതൊരു സഹായവും കിട്ടീട്ടില്ലെന്ന നമുക്കറിയാം. പിന്നെ ഫർ-ാം ന- ഏതു തരത്തിലാണ് ഈ കടങ്ങൾ കൊടുത്തു തീർക്കുവാൻ കർഷകന്മാർക്ക സാധിയ്ക്കുന്നതു്?

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഒരൊറ സംഗതികൊണ്ടാണ് ഞങ്ങൾ ലാൻറ മാർട്ടഗേജ് ബാ
ങ്കിൻെറ കാര്യം വിട്ടകളഞ്ഞത്. കടക്കാരെ രക്ഷിയ്ക്കുവാൻ ലാൻറുമാ
ർട്ടഗേജു ബാങ്കാണു നല്ലതെന്നു ഗവമ്മെൻറു കണ്ട സ്ഥിതിയ്ക്ക് അതു
നടപ്പിൽ വരുന്നതുവരെ ഈ വിളംബരം നീട്ടണമെന്നായിരുന്നു എൻെറ
വിശ്വാസം. എന്നാൽ ലാൻറു മാർട്ടഗേജു ബാങ്കെങ്കിലും നടപ്പിൽ വ
രുത്തിയോ? അതുമില്ല. ഈ ബാങ്കു നടപ്പിൽ വരുന്ന തീയതിവരെ ഇതു
നീട്ടിക്കിട്ടണമെന്നാവശ്യപ്പെടുന്നതിൽ വല്ല അന്യായവുമുണ്ടോ? ആ സ്ഥി
തിയ്ക്ക് ഇതെങ്കിലും ചെയ്യുകിട്ടാത്തതിൻെറ സാരമെന്താണ്? ഒന്നുകിൽ
ഈ വിളംബരം പാസാക്കിയതു് അബദ്ധമായിപ്പോയി എന്നു ഗവമ്മെ
ൻറു ഗ്രഹിച്ചിട്ടുണ്ടാകണം; അല്ലെങ്കിൽ വിളംബരം അത്യാവശ്യമെന്നു
കണ്ടിട്ടാണു പ്രസിദ്ധപ്പെടുത്തിയതെന്നുള്ള പക്ഷം നാളെതന്നെ ഒരു സ്പെ
ഷ്യൽ ഗസറു വരണം. അതു മറന്നാളത്തേയ്ക്കാക്കുവാൻ പാടില്ല. ഇ
ന്നു രാത്രി അതിൻെറ ജോലി പ്രസ്സിൽ ചെയ്യണം. മകരം ഫർ-ാംനു- ഒരു
മുൻസിഫുകോർട്ടിൽ എത്ര എക്സിക്യൂഷൻ പെറീഷനാണു കൊടുത്തി
ട്ടുള്ളതെന്നു ദിവാൻജിയവർകൾക്ക് അനപേക്ഷിച്ചാലറിയാം. എൻെറ
മാന്യ സ്നേഹിതനായ ഒരു വക്കീൽതന്നെ മുപ്പതോ നാല്പതോ എക്സിക്യൂ
ഷൻ പെറിഷൻസ് കോടതിയിൽ പാസാക്കീട്ടുണ്ടെന്ന് എന്നോ
ടു പറഞ്ഞു. ആട്ടും ഒരു വിളംബരം ആറുമാസത്തേയ്ക്കു ഗവമ്മെൻറു
പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞശേഷം ആ അവധി കഴിഞ്ഞാൽ പിന്നെ
യും എന്തെങ്കിലും ഒന്നു ഗവമ്മെൻറു കൊണ്ടുവരുമെന്നുള്ള സമാധാനം
ഞങ്ങൾക്കുണ്ടായിരുന്നു. ഒന്നുകിൽ യാതൊരു രക്ഷയും ചെയ്യുകയില്ല എ
ന്നു ഗവമ്മെൻറു തുറന്നു പറയണം. അതല്ലെന്നുണ്ടെങ്കിൽ എന്തെ
ങ്കിലും ഒന്ന് ഉടനടി ചെയ്യണം. അല്ലാതെ ഇങ്ങിനെയുള്ള ചില
പ്രസംഗങ്ങൾ കേട്ടു ഗവമ്മെൻറു പരിഭ്രമിച്ചതുകൊണ്ടു കാര്യമില്ല.
കൊച്ചീഗവമ്മെൻറു കഷ്ടകാലരെ രക്ഷിയ്ക്കുവാൻ മുതലപ്പെട്ട ഒരു
ഗവമ്മെൻറല്ലെങ്കിൽ ഗവമ്മെൻറിന്, ഇതിൽ ബന്ധമൊന്നുമില്ല, നി
ങ്ങൾ കടം വാങ്ങിച്ചതു്, ഞങ്ങളിലാരോടും ചോദിച്ചിട്ടില്ല, കടം
ആരുവാങ്ങിയോ അയാൾതന്നെ അതു കൊടുത്തുകൊള്ളണമെന്നു തുറ
ന്നുപറയുകയാണു നല്ലതു്. പിന്നെ ഇങ്ങിനെയുള്ള കാര്യങ്ങൾക്കു
വേണ്ടി ഗവമ്മെൻറിനെ ഉപദ്രവിയ്ക്കുവാൻ ആരും പുറപ്പെടുകയുമില്ല.
കടക്കാരെ രക്ഷിയ്ക്കാൻ മുതലപ്പെട്ട ഗവമ്മെൻറാണെങ്കിൽ ഇങ്ങി
നെയുള്ള സന്ദർഭങ്ങളിൽ, കടക്കാർ എത്രതന്നെ പരിശ്രമിച്ചാലും ഒരു
നിവൃത്തിമാർഗ്ഗം കണ്ടുപിടിയ്ക്കുവാൻ കഴിയുകയില്ലെന്നും ഇതു് അവ
രറിയാതെ വന്നുചേർന്നിട്ടുള്ള കടങ്ങളാണെന്നും ഗ്രഹിച്ചു് ഉടനെതന്നെ
അവക്ക് എന്തെങ്കിലും ഒന്നു ചെയ്തുകൊടുക്കണം. മറുള്ളവരോടു് അ
വിടെ നിൽക്കാൻ പറയണം.

ആറുമാസത്തിനു മുമ്പുണ്ടായ വിളംബരം ഇന്നത്തെ ദിവാൻജിയ
വർകളോടാലോചിച്ചാണുണ്ടാക്കീട്ടുള്ളതു്. അന്നു് ഇതു നീട്ടാൻ വേ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടി അദ്ദേഹം ആലോചിച്ചിട്ടുണ്ടാകുമെന്നു തോന്നുന്നില്ല. എന്നാൽ ആറുമാസത്തിനു മുമ്പു് ഒരു വിളംബരം കൊണ്ടുവന്ന ദിവാൻജിയ്ക്കു് അതു നീട്ടണമെന്നും നീട്ടിക്കൊടുക്കേണ്ടതത്യാവശ്യമാണെന്നും തോന്നുവാനുള്ള ബുദ്ധിയില്ലെന്നു ഞാൻ പറയുന്നുവെങ്കിൽ അതു് എന്റെ മണ്ടത്തരമാകും. ഞങ്ങളുടെ മഹാപാപത്തിന്റെ ശക്തി ഞങ്ങൾ അനുഭവിയ്ക്കാതെ തരമില്ലെല്ലോ. ഏതായാലും ഈ വിഷയം തീരെ നിസ്സാരമാക്കി തള്ളിക്കളയരുതു്.

ദിവാൻജിയവർകളോടു പ്രത്യേകിച്ചു് എനിയ്ക്കു് ഒരപേക്ഷ ചെയ്യുവാനുണ്ടു്. രക്ഷചെയ്യുവാൻ നിവൃത്തിയുണ്ടെങ്കിൽ ചെയ്യുക. ഡെറ്റു കൺസിലിയേഷൻ ബോർഡു് അത്യാവശ്യമാണെന്നു് ഉൾനാട്ടുകാരായ ഞങ്ങൾക്കു ബോദ്ധ്യമുണ്ടു്. ഏതൊരു കായ്ത്തിലും ന്യൂനതകളുണ്ടാകും. അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിയ്ക്കേണ്ട ചുമതല ഗവൺമെന്റിനുണ്ടു്. കുറെശ്ശേ ചോദിച്ചാൽ കടം കൊടുക്കാമെന്നുള്ളവർക്കു ലാൻഡുമാർട്ടുഗേജു ബാങ്കിൽനിന്നു കൊടുക്കുക, ബാക്കിയുള്ളവർക്കു ഡെറ്റുകൺസിലിയേഷൻ ബോർഡു് ഏർപ്പെടുത്തി അതുവഴി സഹായങ്ങൾ ചെയ്തുകൊടുക്കുക എന്നുള്ള നില വരുന്നതുവരെ വാറണ്ടു്, ജപ്തി, വസ്തുവില്പന ഇവയൊന്നും നടത്തരുതു്. മറ്റുള്ള രാജ്യങ്ങളിൽ ഈവക സംഗതികളിൽ അവിടത്തെ ഗവൺമെന്റുകൾ പ്രവൃത്തിച്ചുവരുന്നതിനെക്കുറിച്ചു് അന്വേഷിച്ചുകൊണ്ടിരിയ്ക്കുന്ന ദിവാൻജിയവർകൾ കൊച്ചീരാജ്യത്തിലും ഏതെങ്കിലും ഒരു നിവാരണമാർഗ്ഗം കണ്ടുപിടിയ്ക്കുണം. പിന്നെ ഇങ്ങിനെ ഒരു വിളംബരത്തിന്റെ ആവശ്യവുമുണ്ടാകയില്ല.

ഈ ഭാഗത്തുള്ള വോട്ടിന്റെ ശക്തിയെപ്പറ്റി നോക്കുകയാണെങ്കിൽ ഫലമെങ്ങിനെയിരിയ്ക്കുമെന്നു ഗവർമ്മെൻറിനുതന്നെ ബോദ്ധ്യമുണ്ടു്. അതുകൊണ്ടു് ഈ പ്രമേയം വോട്ടിനിടുവാൻ ഞങ്ങൾക്കു ഭാവമില്ല. അഥവാ വോട്ടുചെയ്തു് ഈ പ്രമേയം പാസായാൽക്കൂടിയും ഇതിനെ തള്ളിക്കളയുവാനോ സ്വീകരിയ്ക്കുവാനോ ഉള്ള അധികാരം ഗവൺമെൻറിനുള്ളതാണു്. ദിവാൻജിയവർകളും ഈ വിഷയത്തിൽ ഒന്നു പ്രത്യേകം മനസ്സുവെച്ചു് എന്തെങ്കിലും ഒരു രക്ഷചെയ്യുവാൻ സാധിയ്ക്കുമെന്നുണ്ടെങ്കിൽ അതു വർമണിക്കുറിനുള്ളിൽ കൊച്ചീരാജ്യത്തിന്റെ വടക്കേത്തലയ്ക്കൽ എക്സ്ട്രാർഡിനറി ഗസറ്റു കിട്ടത്തക്കവണ്ണമുള്ളതായിരിയ്ക്കുണമെന്നപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ ബലമായി പിൻതാങ്ങുന്നു.

Mr. A. V. Moothedan.—After listening to the several speakers, I think a strong case has been made out for the extension of the Moratorium but I am not prepared to support the resolution in toto. As my Hon'ble friend the Member for

LIBRARY ARCHIVES Kerala Legislative Assembly

Pallippuram said, a judgment-debtor may be given time for payment of his debt, on condition. If the debtor is prepared to deposit in Court 10 per cent of the debt he may be given six months. That, I think, will not cause hard-ship. That is my humble suggestion.

Mr. T. S. Narayana Ayyar.—Sir, Government find it difficult to accept a resolution of this nature.

With regard to the last point raised by the Hon'ble Member for Pallippuram I may say that the circular issued by the chief court to the subordinate civil courts to exercise their discretion more liberally in the matter of execution sales should afford ample protection to judgment-debtors. That circular is still in existence and in full force. There have been instances where time was granted to the judgment-debtor on his depositing five per cent of the decretal amount or even five rupees for the matter of that. The concessions which are made available to the judgment-debtor by that circular are adequate.

Mr. T. K. Nayar.—Then where was the necessity for the Proclamation?

Mr. President—A more radical step.

Mr. T. S. Narayana Ayyar.—The Proclamation was intended as a temporary measure, to be in operation until the establishment of the Land Mortgage Bank. It is not the Proclamation as such or an extension of it to an indefinite period that would save the debtor. The idea is not to suspend execution of decrees until the debtor finds out funds for himself to pay off his creditors out of the savings of his property. If that were so, then the Proclamation will have to be extended till Dooms-day.

Dr. A. R. Menon.—May I know what is to be done till the Land Mortgage Bank takes shape?

Mr. T. S. Narayana Ayyar.—The answer is simple. As the Hon'ble Member for Vyttila said, even in the usual course of things the debtor gets another six months.

Mr. A. V. Moothedan.—Will the circular be as effective as the Proclamation?

Mr. T. S. Narayana Ayyar.—There has been no complaint that the circular was ineffectual or inadequate. Sir, I do not think there is any necessity to extend the Proclamation.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എം. ഇബ്രാഹിം.— മിസ്റ്റർ പ്രസിഡൻറ്, സർ, ഈ സംഗതിയ്ക്ക് ഏററവും അനുകൂലമായ ഒരു അന്തരീക്ഷമാണ് അനുദ്യോഗസ്ഥപക്ഷത്തുനിന്നും ഈ നിയമസഭ തുടങ്ങിയതുമുതൽ ഉണ്ടായിട്ടുള്ളതെന്നു സംഗതി എനിയ്ക്കും ആ വാദക്കാരായ മറൂള്ളവർക്കും വളരെ ആശ്വാസത്തേയും സന്തോഷത്തേയും തരുന്നതിനെപ്പററിയാണ് എനിയ്ക്ക് ഈ ബഹുമാനപ്പെട്ട സഭയെ ഉണർത്തിയ്ക്കുവാനുള്ളത്. ഇന്ന് ഈ പ്രമേയത്തിൽ ആവശ്യപ്പെട്ടിരിയ്ക്കുന്ന സംഗതിയ്ക്കനുസരണമായും ഏററവും മൌലികമായും ഉള്ള ഒരു മദ്ധ്യസ്ഥത ബില്ലാണ് ഒരു സിലക്ററു കമ്മററിയെ ഏൽപ്പിയ്ക്കുവാനായി ഇവിടെ പാസാക്കിയതു്. വാസ്തവത്തിൽ പ്രത്യക്ഷമായി ഈ വിളംബരത്തിന്റെ ആവശ്യകതയുണ്ടെന്ന് ഈ പ്രമേയം സമ്മതിയ്ക്കുന്നു. ലാൻറുമാർട്ടഗേജു ബാങ്കു തുടങ്ങുകയും, അതു് കായ്മായ നിലയിൽ പ്രവൃത്തിയ്ക്കുകയും, ആ ബാങ്കിൽനിന്നും ഒരു ഗണ്യമായ തുക ഋണബാധകൊണ്ടു വിഷമിയ്ക്കുന്ന സാധുക്കളായ കർഷകന്മാർക്കു കൊടുക്കുകയും, അതോടുകൂടി കടം കൊടുത്തവർക്കും വാങ്ങിച്ചവർക്കും വേണ്ടി മദ്ധ്യസ്ഥത വഹിയ്ക്കുകൊണ്ടുള്ള ഒരു മദ്ധ്യസ്ഥബോർഡുണ്ടായിരിയ്ക്കുകയും ചെയ്തു് ഇതു രണ്ടുകൂടി ഒപ്പം നടന്നുകൊണ്ടിരിയ്ക്കുന്ന ഒരു കാലം വരുന്നതുവരെ ഗവൺമെൻറിൽനിന്നും ഉദ്ദേശിയ്ക്കുന്ന കായ്ക്കുറവിനു കായ്മയായ ഒരു വിജയമുണ്ടായി എന്നു പറയുവാൻ നിവൃത്തിയില്ല. ഈ ഒരു വിളംബരം ചെയ്യുവാനായിട്ട് ഗവൺമെൻറിനെ ഏതൊരു മനോവികാരമാണോ പ്രേരിപ്പിച്ചതു്, ഏതൊരു ചുറുപാടുകളാണോ പ്രേരിപ്പിച്ചതു്, അതേ സംഗതി ഇന്നു നിലവിലിരിയ്ക്കുന്ന അതേ കായ്മും, ഗവർമ്മെൻറു ചെയ്യുവാൻ വിചാരിച്ചിട്ടുള്ള ആ നല്ല കായ്മും, അതിന്റെ വാസ്തവമായ രൂപത്തിൽ അതിന്റെ വാസ്തവമായ സ്ഥിതിയിൽ അതിന്റെ വാസ്തവമായ പുരോഗതിയിൽ എത്താതെ അതു മുമ്പുതുടങ്ങിയതായ സ്ഥലത്തേയ്ക്കുതന്നെ തിരിച്ചുചെല്ലുന്നു. ഗവർമ്മെൻറിനും കർഷകന്മാർക്കും ഇതുവരെ ഈ സംഗതിയ്ക്ക് ഒരു പുതിയ അദ്ധ്യായം എഴുതുവാൻ സാധിച്ചിട്ടില്ല. ഈവക സംഗതികളിൽ കർഷകന്മാരെ സഹായിയ്ക്കുവാനായി ഈ നാട്ടിലെ പൊതുജനാഭിപ്രായത്തിന്റെ ശക്തിയെ ശരിയായി മാനിച്ചു്, കർഷകന്മാരിൽ വൈഷമ്യമുള്ളവരുടെ വൈഷമ്യത്തെ കുറയ്ക്കണമെന്നുള്ള യഥാർത്ഥമായ ഉദ്ദേശത്തോടുകൂടി നമ്മുടെ മഹാരാജാവു തിരുമനസ്സിലെ ഉത്തമസചിവനെന്നുള്ള നിലയിൽ നമുക്കു വേണ്ടുന്ന ഉപദേശങ്ങൾ നൽകിയ ദിവാൻ സർ, ഷൺമുഖത്തോട്ടം, കർഷകന്മാരെ രക്ഷിയ്ക്കുവാൻ സാധിച്ച നമ്മുടെ മഹാരാജാവു തിരുമനസ്സിനോടും ബഹുഭൂരിപക്ഷം കർഷകന്മാർക്കുള്ള നന്ദിയെ പ്രകടിപ്പിച്ചുകൊള്ളുന്നു.

ഇവിടെ കേൾക്കുന്ന എതിരഭിപ്രായങ്ങളെല്ലാം ഭൂരിപക്ഷം ജനങ്ങളുടേയും പൊതുജനാഭിപ്രായമല്ല, അതെല്ലാം വെറും സ്വാർത്ഥത്തിന്റെ ലക്ഷ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ണങ്ങളാണ്. ഗവർമ്മെൻറിന് ഭൂരിപക്ഷത്തിൻെറ രക്ഷയെ കാക്കു ന്ന ഭൂരിപക്ഷത്തിൻെറ ഗുണത്തിനുവേണ്ടിയും, ഭൂരിപക്ഷത്തിൻെറ നി ലനില്പിനുവേണ്ടിയും, ഭൂരിപക്ഷത്തിൻെറ നന്മക്കും മേന്മയ്ക്കും വേണ്ടിയു മുള്ള നിയമലംഘന പ്രസ്ഥാനങ്ങളെ പലപ്പോഴും ബലികഴിയ്ക്കേണ്ടതാ യിവരുന്നു. മഹാരാജാവു തിരുമനസ്സിലെ എല്ലാ പ്രജകളുടേയും സൌ കര്യത്തെ വർദ്ധിപ്പിയ്ക്കുവാൻ വേണ്ടിയുള്ളതാണ് ഗവർമ്മെൻറ്. അ വരുടെ പരിശ്രമങ്ങൾക്കും ഉത്സാഹത്തിനും എത്രയോ തുച്ഛമായ എ ത്രയോ നിസ്സാരമായ ഒരു സംഖ്യകൊണ്ട്,—പ്രാബല്യം കൊണ്ടല്ല പ്ര താപംകൊണ്ടല്ല—അവരെ സഹായിയ്ക്കേണ്ടതു ഗവർമ്മെൻറിൻെറ പ്ര ധാനമുമതലയാണ്. അവരാണ് ഗവമ്മെൻറിൻെറ ആനുകൂല്യത്തിനും പരിലാളനങ്ങൾക്കും എന്നെന്നേയ്ക്കും കടമപ്പെട്ടിട്ടുള്ളവർ. ഈ സംഗ തി ബഹുമാനപ്പെട്ട ഗവർമ്മെൻറും അനുദ്യോഗസ്ഥമെമ്പർമാരും ഗാ ഢമായി ചിന്തിയ്ക്കണം. ജനക്ഷേമത്തിനത്യാവശ്യമായ കാര്യങ്ങൾ, അ വ എത്രത്തോളം പൂർണ്ണമായുള്ള സംഗതിയായാലും ദോഷദൃഷ്ടികൊണ്ടു നോക്കിയാൽ പല വ്യത്യാസങ്ങളും ഉള്ളതായി തോന്നും. അതു് ഒരു മു ടിയെ ഠ കഷണങ്ങൾ ആക്കി വിമർശിക്കുന്നതുപോലെയുള്ള വ്യത്യാസം മാത്രമാണ്. ഇന്ന് അവർതന്നെ ശ്ലാഘിച്ചുകൊണ്ടിരിയ്ക്കുന്ന നിയമാ വലികൾ വച്ചുനോക്കിയാലും കുറ്റം പറയുവാനും വിമർശിക്കുവാനും ആ വശ്യമില്ലാത്ത വാഗ്ധാടി കാണിയ്ക്കുവാനും പുറപ്പെടുന്നതിൽ അർത്ഥ മില്ല. ഇതിൻെറ പൊതുവായ പരിണാമം ഇതിൻെറ പൊതുവായ പ്രവർത്തനം ഭൂരിപക്ഷത്തിൻെറ ഗുണത്തിനുവേണ്ടിയാണോ എന്നു നോക്കണം. ഇവിടത്തെ ഹുണ്ടികക്കച്ചവടക്കാരുടേയും ഇവിടത്തെ ബാങ്കുകാരുടേയും നിലവിളികൾകേട്ട ഗവർമ്മെൻറു വിശ്വസിയ്ക്കും, അവരുടെ സങ്കടങ്ങളെ ഗവർമ്മെൻറു കേൾക്കും. ഇതെല്ലാം താല്ക്കാ ലികമായ ചില വിഷമങ്ങളെ മുൻനിറുത്തിക്കൊണ്ടാണ ചെയ്യുന്നതു്. അവർ ഒരു രാഷ്ട്രത്തേയോ; രാഷ്ട്രീയ കക്ഷികളേയോ, ഭൂരിപക്ഷ ത്തേയോ പ്രതിനിധീകരിയ്ക്കുന്നില്ല. ഇതു ഭൂരിപക്ഷത്തെ പ്രതിനിധീ കരിയ്ക്കുന്ന കർഷകസഹോദരന്മാർക്കുവേണ്ടിയാണു ഞാൻ പറയുന്നതു്. ഇതിൽ ഏറ്റവും പ്രത്യക്ഷമായ ഒരു സംഗതി കാണുന്നുണ്ട്. ഇതു് ഒരു അമിതമായ ആവശ്യപ്പെടലല്ല, ഇതൊരു പുതിയ സംഗതിയുമല്ല. പൊതുജനാഭിപ്രായത്തെ മനസ്സിലാക്കിക്കൊണ്ട്, ഈ നാട്ടിലെ ഭൂരി പക്ഷം ആളുകളായ കർഷകന്മാരുടെ ബുദ്ധിമുട്ടുകളെ മനസ്സിലാക്കിക്കൊ ണ്ടു്, പൊതുവായുള്ള നാട്ടിൻെറ ഐശ്വര്യത്തെ ലക്ഷ്യമാക്കിക്കൊ ണ്ടു് കൊച്ചീഗവർമ്മെൻറ് നാടുകാക്കു ചെയ്തുകൊടുത്തിട്ടുള്ള സൌ ജന്യങ്ങളെ നീട്ടിക്കൊണ്ടുപോകണമെന്നാണു പറയുന്നതു്. ഇതിൽ ഒരു പുതുമയുമില്ല. ഇതിൽ ആശ്ചര്യപ്പെടുവാനും ഒന്നുമില്ല. വേറെ യാതൊ രു നവീനതവും ഇതിലില്ല. യാഥാസ്ഥിതിക ഗവർമ്മെൻറുകൾ ചെയ്തുകൊടുക്കാറുള്ള സൌജന്യങ്ങൾ വീണ്ടും ചെയ്തുകൊടുക്കണമെന്നു ള്ള പ്രാർത്ഥനയിൽ യാതൊരു സംശയത്തിനും യാതൊരു അതിശയോ

LIBRARY ARCHIVES Kerala Legislative Assembly

കുത്തിയുള്ളം അവകാശമില്ല. ഈ സംഗതിയുടെ പ്രായോഗികതയ്ക്ക് ഒരു പ്രസംഗത്തിന്റെ ആവശ്യമില്ല. സർ ഷൺമുഖത്തിന്റെ വരവോട്ടക്കുടിയുള്ള മാനസാന്തരത്തെക്കുറിച്ചു് ഒരു മാതൃകയാക്കിക്കാണിയ്ക്കുവാനുള്ള ഒരു മാർഗ്ഗം കൊച്ചീഗവർമ്മെൻറു കണ്ടുപിടിയ്ക്കുമ്പോൾ കഷ്ടകന്മാരുടെ വൈഷമ്യങ്ങൾക്ക് ഒരു കായ്മായ മാറ്റം വരുത്തുവാനും, അതിനൊരു ലഘൂകരണം വരുത്തുവാനും സാധിച്ചിട്ടില്ലാത്ത സംഗതിയിൽ ഗവമ്മെൻറു ഇപ്പോൾ ചെയ്യുന്ന സൌകര്യങ്ങളെ ഒന്നുകൂടി ചെയ്യണമെന്നു പറയുന്നതു പ്രായോഗികങ്ങളിൽ പ്രായോഗികമായ, യുക്തിപൂർവ്വമായ, ഉചിതമായ ഒരു വാദമാണു്. ഇതു് ജനക്ഷേമത്തിനു് ഏറ്റവും അത്യാവശ്യമായ ഒരു സംഗതിയാണു്.

കർഷകന്മാർ വാങ്ങിച്ചിട്ടുള്ള കടങ്ങൾ കല്യാണങ്ങൾ കഴിയ്ക്കുവാനും സ്വാർത്ഥപരമായ ചില കായ്ങ്ങൾ നേടുവാനുമാണെന്ന് ഇവിടെ ഒരു ബഹുമാനപ്പെട്ട . . . .

ഡാക്ടർ എ. ആർ. മേനോൻ.— അവർക്കും കല്യാണം കഴിയ്ക്കണ്ടേ?

മിസ്റ്റർ കെ. എം. ഇബ്രാഹിം— കച്ചവടക്കാർക്ക് കല്യാണം ആവശ്യമില്ല!! (ചിരി.) മെമ്പർ പറയുകയുണ്ടായി. അതിലും ഒരു മര്യാദ കിടക്കുന്നുണ്ടു്. അനാവശ്യച്ചിലവുകൾക്കുവേണ്ടി പണം കടംകൊടുത്തവനു് ആ പണം എന്തിനു മടക്കിക്കൊടുക്കണമെന്നു ഞാൻ ചോദിക്കുന്നു. (ചിരി.) അനാവശ്യച്ചിലവിനാണെന്നു മനസ്സിലാക്കിക്കൊണ്ടു്, അവന്റെ നാശത്തെ മുൻകൂട്ടി കണ്ടുകൊണ്ടു്, കൊടുത്താൽ ദോഷമുണ്ടെന്നുള്ള സൂക്ഷ്മസ്ഥിതി മനസ്സിലാക്കിക്കൊണ്ടു്, പണം കടംകൊടുക്കുന്ന ഒരു കച്ചവടക്കാരനു് ഒരിക്കലും അതു മടക്കിക്കൊടുക്കുവാൻ പാടില്ലെന്നാണു് ഞാൻ പറയുന്നതു്. (ചിരി.) ഞങ്ങൾ ഒരുകൂട്ടരേയും ദ്രോഹിക്കണമെന്നു വിചാരിക്കുന്നവരല്ല. കഴിയുന്നിടത്തോളം എല്ലാവരുടേയും സൌകര്യങ്ങളെ വർദ്ധിപ്പിക്കണം. എല്ലാവരും നമ്മുടെ മഹാരാജാവു തിരുമനസ്സിലെ പ്രജകളാണു്. എല്ലാവരും നമ്മുടെ സഹോദരന്മാരാണു്. എല്ലാവരും സൌഹാർദ്ദത്തോടും, സ്നേഹത്തോടും, സന്തോഷത്തോടും, ഒരുമയോടുംകൂടിയിരിക്കേണ്ടവരാണു്. ഞങ്ങളുടെ പരിശ്രമങ്ങൾക്കും വാദങ്ങൾക്കും ഒരു പ്രത്യേകതയോ വൈശിഷ്ട്യമോ ഇല്ല എന്നാണു് ഞങ്ങളുടെ വിചാരം. പക്ഷെ, ഞാൻ പറയുന്ന കർഷക സഹോദരന്മാരായ സാധുജനങ്ങളുടെ എതിരാളികൾ പലവിധത്തിലും പൊതുജനങ്ങൾക്കു ചെയ്യുകൊടുക്കേണ്ടതായ പലവിധ ആനുകൂല്യങ്ങളേയും കഴിവുകളേയും ഹനിച്ചുകൊണ്ടു് തട്ടിക്കളയുകയാണു ചെയ്യുന്നതെന്നു്. സൂപ്പർ ടാക്സുപോലെ ഇൻകം ടാക്സ് എന്നൊരു ഇനവും പല ഗവമ്മെൻറുകളും അവരിൽനിന്നും പിഴുതെടുത്തുകൊണ്ടിരിക്കുന്നു. അങ്ങിനെയിരിക്കെ ഞെണ്ടാടിയിൽ കിടന്നു കഷ്ടപ്പെടുന്ന മഹാരാജാവു തിരുമനസ്സിലെ പ്രജകളായ അവർക്ക് നിസ്സാരമായ ഒരു സൌജന്യം ചെയ്തുകൊടുക്കണമെന്നാവശ്യപ്പെടുമ്പോൾ, പ

LIBRARY ARCHIVES Kerala Legislative Assembly

രിഷ്കൃത ഗവമ്മെൻറുകളും സ്വീകരിച്ചിരിക്കുന്ന നിയന്ത്രണങ്ങളും എങ്കിലും ചെയ്യണമെന്നാവശ്യപ്പെട്ടപ്പോൾ ആ അപേക്ഷയെ ഫ്ലൂക്കാരത്തോടുകൂടി എതിർക്കപ്പെട്ടുകയാണു് ചെയ്യുന്നതു്. കൊച്ചീ രാജ്യത്തിലെ ഫർസ്റ്റ്-ലെ സെൻസസ്സ് റിപ്പോർട്ടിൽപോലും ഇവിടത്തെ ചില ബാങ്കുകളിൽ ചെയ്യുന്ന മൂഷണത്തെ, സാധുജനദ്രോഹത്തെ, ഭയങ്കരമായ മൂഷണസമ്പ്രദായങ്ങളെക്കുറിച്ചു് ഗവമ്മെൻറു ശക്തിയായി പ്രതിപാദിക്കുകയും, അതോടുകൂടി യൂറോപ്യൻ രാജ്യങ്ങളിലും മറ്റുമുള്ള പല നിയമാവലികളും കൊണ്ടുവന്നുവച്ചു് ഇവിടെയുള്ള ബാങ്കുകളെ നിയന്ത്രിക്കുവാനും പരിഷ്കരിക്കുവാനുംവേണ്ടി വാദിക്കുകയും ചെയ്യുന്നു. ഫർസ്റ്റ് കഴിഞ്ഞു് വളരെക്കാലമായിട്ടും കർഷകസംരക്ഷണത്തിനുവേണ്ടിയുള്ള യാതൊരു നിയന്ത്രണങ്ങളും ഇവിടെ ചെയ്തിട്ടില്ല. അവരുടെ സാഹചര്യങ്ങളെ സംഹരിക്കുവാനും രക്തത്തെ ഊറ്റിക്കുടിയ്ക്കുവാനും മുതിരുന്ന പ്രത്യേക താല്പര്യക്കാർക്കു ഞങ്ങൾ പണം കൊടുക്കയില്ല എന്നു പറയുന്നില്ല.

ഗവമ്മെൻറ് കർഷകന്മാരെ സംരക്ഷിയ്ക്കുവാൻ പോകുന്നു. ഒരു ഭ്രഷ്ടത്തു ജാമ്യബാങ്കുമൂലവും മദ്ധ്യസ്ഥബോർഡുമൂലവും കർഷകന്മാർക്കു വേണ്ടതു സഹായങ്ങളും ചെയ്തുകൊടുക്കുവാൻ പോകുന്നു. ആ കാലത്തിനിടയ്ക്കു് നിങ്ങളുടെ അമത്തിപ്പിടിച്ചുള്ള വാങ്ങലുകൾക്ക് ഒരു വ്യത്യാസം വരുത്തണമെന്നാണു ഞങ്ങൾ പറയുന്നതു്. തേങ്ങയ്ക്കും കുരുമുളകിനും നെല്ലിനും ഗോതമ്പിനും ചോളത്തിനും മറ്റുള്ള കാഷ്കോല്പന്നങ്ങൾക്കും ന്യായവിലയ്ക്കു് ഉള്ള കണ്ടുള്ള വ്യത്യാസമുണ്ടെന്നു് ഗവമ്മെൻറുതന്നെ നോട്ടിഫിക്കേഷൻകൊണ്ടു സമ്മതിച്ചിട്ടുണ്ടു്. ഏകദേശം $\frac{1}{4}$ വിലയിടിവു് അടുത്തകാലത്തു വന്നിട്ടുണ്ടെന്നു് എനിയ്ക്കു തോന്നുന്നു. എന്നാൽ ഇപ്പോൾ അതു് $\frac{1}{6}$ ആയിട്ടുണ്ടു്. അതേ തോതിൽതന്നെ നാണയത്തിൻറെ വിലയിലും വ്യത്യാസം വന്നിട്ടുണ്ടു്. പത്തുകൊല്ലം മുമ്പു് ഒരു ഉറുപ്പിക വഹിച്ചിരുന്ന സ്ഥാനം ഇപ്പോൾ നാലണ വഹിയ്ക്കുന്നു. മുമ്പു് ഒരു ഉറുപ്പിക ഞാൻ വാങ്ങിച്ചിട്ടുണ്ടെങ്കിൽ തേങ്ങയ്ക്കും കുരുമുളകിനും ഗോതമ്പിനും വിലയിടിവുവന്നിട്ടുള്ള ഇക്കാലത്തു് തോതു വ്യത്യാസത്തെ കണക്കാക്കാതെ ഒരു ഉറുപ്പികതന്നെവേണം എന്നുപറയുന്നവരാണു് നീതിയില്ലാത്തവർ, മര്യാദയില്ലാത്തവർ, അക്രമികൾ, ബുദ്ധിയില്ലാത്തവർ, അന്യായം കാണിയ്ക്കുന്നവർ, വഞ്ചകന്മാർ, മൂഷണം ചെയ്യുന്നവർ. ഇത്രമാത്രം പറഞ്ഞുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ അനുക്രലിച്ചുകൊള്ളുന്നു.

Mr. A. Sankara Menon.—Sir, it is very easy to overlook facts and then advance arguments. Most of the creditors are agriculturists and most of the debtors are also agriculturists. Many of the agriculturists are both debtors and creditors. This is clear from the report of the Antony Committee. If that is the position, what should be done in this matter is the point that the Government has to consider. Now whether the establishment

LIBRARY ARCHIVES Kerala Legislative Assembly

of the Land Mortgage Bank will relieve the agriculturists to any great extent is a question on which there is considerable difference of opinion. It may be necessary to give the debtors some more time to enable them to take advantage of that institution. But it must be on some condition or other. I quite agree with the Hon'ble Member for Pallipuram that if the debtors are prepared to pay 10 per cent of the debts every six months the court may be asked to give them any amount of time for the payment of their debts. With that condition any Proclamation may be issued so that they may have the advantage of paying off the debts if that is possible for them. There is no meaning in saying that the debtors should not pay and the creditors need not receive now. The idea at the bottom of a resolution like this is to enable the debtors to continue to take the profits of the property without paying anything to the creditors. This position should not be encouraged by any action of the Government. For the last six months no creditor was able to realise anything. No debtor except a very few was prepared to pay anything. Therefore the creditors have found themselves in a very awkward position.

There is another aspect of the question. The tenants who were paying something have, after the issue of this Proclamation, found out that they need not pay anything to their landlords. Formerly they were under the impression that if suits were instituted against them their tenancy rights would be attached and the jenmi would get possession of the property. Now the result of the Proclamation was that if decrees for arrears of rents are obtained, the tenants' rights cannot be sold. Therefore they can go on enjoying the property so long as the jenmies do not institute suits for the recovery of the properties. But by the institution of suits for the arrears of rent, they were not only not in a position to realise the arrears but had to incur further expenditure by way of institution fees, vakil's fee, etc., for recovery of the lands. That was the situation. I therefore quite agree with the Hon'ble Member for Pallippuram that only if the debtors are prepared to pay 10 per cent of the debt every six months to the creditor, need proceedings be stopped against them.

I go a step further and say that it is unnecessary to issue a Proclamation because even if they pay 5 per cent the Judges are willing to give them any amount of time. That is my experience. Therefore I think there is no good reason why a Proclamation should again be issued. If a Proclamation in the way in which the Hon'ble Member for Pallippuram pointed out

LIBRARY ARCHIVES Kerala Legislative Assembly

is to be issued, I would have no objection. But I say that the Judges are willing to give to the debtor any extension of time if they only pay something to the creditors and a fresh enactment is unnecessary.

The resolution as it stands amounts only to this. The mover concedes that the Land Mortgage Bank will not afford the tenants any relief. I think the establishment of the Debt Conciliation Boards may also not afford any relief. That is only my personal opinion. The Hon'ble Member pointed out that some method should be found by the Government to give full relief to the Agriculturists and till that time the Proclamation should be in force. As the Leader of the House pointed out nothing can then be done by the creditors till Doomsday. The debtors should be left free for all time to have their own way. No coercive steps are to be taken against them at any time. In my humble opinion there is no reason why the Government should accept that position.

Mr. M. V. Cherian.—On a point of information, do the Courts give six month's time? Once some amount is paid they give no extension of time but the sale is for the time being stopped. Generally it comes again within two and a half months. All the costs of execution are accumulating again. Even without a Proclamation if the Government would issue some circular just to enable the Courts to give time till 6 months, that will be a good thing. Otherwise the debtors are made to lose more and more. One Proclamation costs them Rs. 20/-, and if we are to get money even at a high rate of interest that will be better. Because for a paltry decree amount of Rs. 100 if a Proclamation is going to cost Rs. 15 or 20 within a period of 2½ months, it will be a real hardship. Therefore my submission is, even without a Proclamation by any private circular if the judges are enabled to give time to the jndgment-debtors on payment of 10 per cent of the decree debts so that the cost of proclamation and other things shall not be added to the decree amount that will be a big relief to the debtors.

Dr. A. R. Menon.—I humbly suggest that the Diwan may be pleased to receive a deputation to explain all these matters to him.

Mr. T. S. Narayana Ayyar.—Numerous are the cases in which Courts have allowed time even without the payment of 5 or 10 per cent. If judgment-debtors want relief they must show a gesture of co-operation, so as to enable the court to give

LIBRARY ARCHIVES Kerala Legislative Assembly

relief. Even before the Proclamation Courts had been giving extension of time to the judgment-debtor.

Mr. M. V. Cherian.—Suppose all the parties are not willing to co-operate, what will be the position?

Mr. A. Narayana Menon.—The consent of parties means only the consent of those who are interested in the property. Suppose a formal party is not interested in the property it will not affect the proceedings of the Court.

Mr. K. M. Kunhi Moideen.—Quite apart from the Circular are there not provisions in the Code of Civil Procedure itself to give such concessions to the debtors?

Mr. T. S. Narayana Ayyar.—Certainly there are.

Mr. K. M. Ibrahim.—Then the circular is useless.

Mr. T. S. Narayana Ayyar.—That is for a more liberal exercise of their powers.

*മിസ്റ്റർ കെ. എം. കുഞ്ഞുമൊയ്തീൻ.—സർ, ഗവമ്മെൻറിൽനിന്നും ഈ പ്രമേയത്തെ സംബന്ധിച്ചു പറഞ്ഞ ഭാഗങ്ങൾക്ക് ഒരു മറുപടി പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അതുപോലെ ഭാവനാശക്തിയോ, സാധുജനങ്ങളുടെ കഷ്ടപ്പാടുകളെ നോക്കി വേണ്ടതു ചെയ്യുവാനുള്ള മനസ്ഥിതിയോ ഉള്ളവർ അല്ല ഇതിനെ എതിർത്തതെന്നാണ് എനിയ്ക്കു തോന്നുന്നത്. എനിയ്ക്കുള്ള ഒരു അഭ്യർത്ഥന ദിവാൻ സർ, ഷൺമുഖം ചെട്ടിയവർകളോടാണു ചെയ്യുവാനുള്ളതു്. അദ്ദേഹം ദിവാൻജിയായി ഇവിടെ വന്നപ്പോൾ സാധുക്കളും കടക്കാരുമായ കർഷകന്മാരുടെ രക്ഷയ്ക്കുവേണ്ടി മനസ്സലിഞ്ഞു ചെയ്തുകൊടുത്ത ഒരു സംഗതിയെ തുടരണമെന്നാണ് ഞാൻ പറയുന്നതു്. വലിയ നിയമവിദഗ്ധന്മാർ നിയമത്തിന്റെ അർത്ഥവും അതിലെ വരയും കുറിയും പുള്ളിയും വള്ളിയും ഒന്നും വിടാതെ പറഞ്ഞുകൊണ്ടിരിക്കുമെന്നല്ലാതെ നാട്ടുകാരുടെ സങ്കടങ്ങൾ കണ്ടറിയുവാനുള്ള ഹൃദയം അവർക്കില്ല. അവർക്കു പൊതുജനങ്ങളോടു് ഉത്തരവാദിത്വമില്ല. അവർ പൊതുജനങ്ങളുടെ കഷ്ടതകളെപറ്റി ചിന്തിക്കുന്നില്ല.

അതിനാൽ കൊച്ചീരാജ്യത്തെ പൌരസ്വാതന്ത്ര്യത്തെ പരിഗണിയ്ക്കുന്ന ദിവാൻ സർ, ഷൺമുഖം ചെട്ടിയവർകൾ അദ്ദേഹത്തിന്റെ പ്രവൃത്തിയെ ഔദാര്യത്തോടുകൂടി വീണ്ടും തുടർന്നുകൊണ്ടുപോകണമെന്നു ഞാൻ അദ്ദേഹത്തോടു നേരിട്ടപേക്ഷിയ്ക്കുന്നു. ഗവമ്മെൻറു മെമ്പർമാരാകുന്ന ഈ മതിലുകളെ ഭേദിച്ചുകൊണ്ടു് ഞാൻ ചെയ്യുന്ന ഈ അഭ്യർത്ഥ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ന അദ്ദേഹത്തിന്റെ ചെവികളിൽ എത്തുമെന്നും, അദ്ദേഹം ആ അഭ്യർത്ഥനയെ സ്വീകരിയ്ക്കുമെന്നും ഞാൻ വിശ്വസിയ്ക്കുന്നു.

Resolution was, by leave, withdrawn.

Mr. President.—The House stands adjourned sine die.

The House rose at 4-45. p. m.

B. V. KRISHNANKUTTY MENON,

Secretary to the Council.

LIBRARY ARCHIVES Kerala Legislative Assembly